# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൂറനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി-6/266/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 30/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂറനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എൽ.പി-പി-6/266/2022 തീയ്യതി: 30/03/2022

## ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-10-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-02-2022 | 09-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.എ.ഡി.ബീന (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.മനേഷ് കുമാർ.ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ലേഖ.പി.കെ(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി. അശോകൻ നായർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എ. ഷിഹാബുദ്ദീൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സിജി സൂസൻ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സിമി. ആർ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| പത്മാക്ഷി. സി | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീജിത്ത്. എ. എ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഷെഫീക്ക്. എം. റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ജിൻഷാദ് ഹസൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 13-01-2020 |
| റ്റി. ജെ. ജോൺസൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഋഷി. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ. ഡാനിയൽ കോശി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ദിവ്യ. വി. എസ്സ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2019 | 14-12-2019 |
| രഞ്ചുരാധാകൃഷ്ണൻ | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 15-12-2019 | 31-03-2020 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-2 |
| 3 | വാർഷിക കണക്ക് - ന്യൂനതകൾ<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 27-03-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 27-03-2022) | 1-9 |
| 11 | ഓഡിറ്റ് ഇംപാക്ട്- തൊഴിൽ നികുതി ഈടാക്കി<br>Written By: Lekha (Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-10 |
| 12 | ക്യാൻസൽഡ് രസീത് സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Lekha (Auditor, On 10-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 27-03-2022) | 1-11 |
| 13 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Lekha (Auditor, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 27-03-2022) | 1-12 |
| 14 | വാടക-നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല-സംസ്ഥാന സർക്കാരിന് 1800/- രൂപ നഷ്ടം-<br>Written By: Lekha (Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-13 |
| 15 | വാടക പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Lekha (Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-14 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-15 |
| 17 | കാലഹരണപ്പെട്ട മുൻകൂറുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-16 |
| 18 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നൽകിയതിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല<br>Written By: Maneshkumar G (Senior Grade Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-17 |
| 19 | കേരളോത്സവം നടത്തിപ്പിനായി നൽകിയ അഡ്വാൻസ് തുകകൾ നാളിതുവരെ ക്രമീകരിച്ചില്ല<br>Written By: Maneshkumar G (Senior Grade Auditor, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-03-2022) | 1-18 |
| 20 | കേരളോത്സവം- ട്രോഫികൾ,മെഡലുകൾ എന്നിവ വാങ്ങൽ - സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-19 |

| | | |
|---|---|---|
| | Written By: Maneshkumar G (Senior Grade Auditor, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | |
| 21 | തെരുവ് വിളക്ക് പരിപാലനം- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-03-2022) | 1-20 |
| 22 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എൽ.ഇ.ഡി)-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-03-2022) | 1-21 |
| 23 | നെൽകൃഷി വികസനം(എസ്.സി)-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-22 |
| 24 | സ്ട്രീറ്റ് മെയിൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-03-2022) | 1-23 |
| 25 | നെൽകൃഷി വികസനം(ജനറൽ)-വിതരണവിവരമില്ല<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-24 |
| 26 | കുറ്റികുരുമുളക് - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-03-2022) | 1-25 |
| 27 | ഐ.കെ.എം.ന് തുക അടവാക്കൽ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-03-2022) | 1-26 |
| 28 | ഇടപ്പോൺ കല്ലും തലയ്ക്കൽ റോഡ് ഡ്രെയിൻ നിർമ്മാണം-അധികം ചെലവഴിച്ചത്-16653/- രൂപ.<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-03-2022) | 1-27 |
| 29 | പ്രവർത്തി പൂർത്തീകരണ കാലാവധി വൈകിയതിന് പിഴ ഈടാക്കിയില്ല/ ഈടാക്കിയതിൽ കുറവ്- അധിക ചെലവ്- 16526/-രൂപ-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-28 |
| 30 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം- 16346/-രൂപ-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-29 |
| 31 | ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്- നഷ്ടം-6794/-രൂപ<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-30 |
| 32 | റോഡ് കോൺക്രീറ്റിംഗ് - വോയിഡ്സ് കുറവു ചെയ്തില്ല - നഷ്ടം-5084/-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-31 |
| 33 | കയർഭൂവസ്ത്രം വിരിക്കൽ - കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചത്-14135/-രൂപ<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-32 |
| 34 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയതിന് രേഖകളില്ല-ഈടാക്കേണ്ടത്-14266/-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-33 |
| 35 | കൃഷിഭവൻ കോൺഫറൻസ് ഹാൾ നവീകരണം- സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-34 |
| 36 | ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-35 |
| 37 | ഗ്രന്ഥശാലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-36 |
| 38 | വികലാംഗ പെൻഷൻ-അനുവദിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 11-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-37 |
| 39 | വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കേണ്ട ഫണ്ട് വെള്ളക്കര കുടിശ്ശികയിൽ മുങ്ങിത്താഴുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 11-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 1-38 |
| 40 | അംഗൻവാടി അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 09-03-2022)<br>Last Updated By: Rajeev R (Deputy Director, On 30-03-2022) | 1-39 |

ഭാഗം **2**

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റിംഗ് - വോയിഡ്സ് കുറവു ചെയ്തില്ല - നഷ്ടം-5084/-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-1 |
| 2 | കയർഭൂവസ്ത്രം വിരിക്കൽ - കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചത്-14135/-രൂപ<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-2 |
| 3 | ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്- നഷ്ടം-6794/-രൂപ<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-3 |
| 4 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം- 16346/-രൂപ-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-4 |
| 5 | പ്രവർത്തി പൂർത്തീകരണ കാലാവധി വൈകിയതിന് പിഴ ഈടാക്കിയില്ല/ ഈടാക്കിയതിൽ കുറവ്- അധിക ചെലവ്- 16526/-രൂപ-<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-5 |
| 6 | കുറ്റികുരുമുളക് - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി<br>Written By: P.Sabu (Audit Officer (HG), On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-6 |
| 7 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയതിന് രേഖകളില്ല-ഈടാക്കേണ്ടത്-14266/-<br>Written By: P.Sabu (Audit Officer (HG), On 24-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-7 |
| 8 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.<br>Written By: Maneshkumar G (Senior Grade Auditor, On 26-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 3-8 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലേകനം<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം<br>Written By: Maneshkumar G (Senior Grade Auditor, On 07-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 30-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 21/02/2019-ാം തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 252049935 | 250638680 |
| വാർഷിക കണക്ക് പ്രകാരം | 89366064 | 66214376 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 19-05-2020 |

### 1-2-1 വാർഷിക കണക്ക് - ന്യൂനതകൾ

1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 150626/-രൂപ നിലനിൽക്കുന്നു. ഇതിൽ മുൻവർഷങ്ങളിലെ നീക്കിയിരുപ്പ്(വർഷം തിരിച്ച്),2019-20 ലെ നീക്കിയിരുപ്പ് എന്നിവയുടെ വിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായില്ല.

2) ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ Contributions For Other Specific Purposes (For Revenue Expenditure ) From District Panchayat എന്ന ഹെഡിൽ 150000/- രൂപ ബാധ്യതയായി ഇപ്പോഴും അവശേഷിക്കുന്നു.

3)വാർഷിക കണക്ക് I-6 പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 11357639/-രൂപയാണ്. എന്നാൽ സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 12 ഗഡുക്കളായി 11021327/-രൂപയും ഗ്യാപ് ഫണ്ട് ബാക്കിയുള്ള തുക വീതിച്ച കിട്ടിയ ഇനത്തിൽ ലഭ്യമായ 310509/- രൂപയും ഉൾപ്പടെ 11331836 /-രൂപയാണ് വരവ്.വാർഷിക കണക്കിൽ 25803/- രൂപ അധികം വരവ് വന്നു.ആയത് വിശദമാക്കിയിട്ടില്ല.

4)ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വിവിധ ക്ഷേമപെൻഷൻ ഇനത്തിൽ തൻവർഷം രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ സേവനയിൽ നിന്നുള്ള റിപ്പോർട്ടുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക( I-6 പ്രകാരം) | സേവനയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരമുള്ള തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 7560600 | 17483100 |
| കർഷകതൊഴിലാളി പെൻഷൻ | 1603800 | 3670200 |
| വിധവ പെൻഷൻ | 3942600 | 8701800 |
| 50വയസ്സിന് മുകലിലുള്ള അവിവാഹിതകളായ സ്ത്രീകൾ | 245400 | 550200 |
| വികലാംഗ പെൻഷൻ | 1100700 | 2465900 |

5) വികസനഫണ്ട്(ജനറൽ) വിഭാഗത്തിൽ സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ചുവടെ ചേർത്തിട്ടുള്ള ഇനങ്ങൾക്കായി കറവ് ചെയ്തിട്ടുള്ള തുകയ്ക്ക് ജി.ഒ.പ്രൊജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

| വിവരം | സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക | ഇനം |
|---|---|---|
| ഒന്നാംഗഡു | 242496 | KWA |
| ഒന്നാംഗഡു | 118 | KSEB |
| രണ്ടാംഗഡു | 242496 | KWA |

| | | |
|---|---|---|
| രണ്ടാംഗഡു | 375000 | ലൈഫ് മിഷൻ തിരിച്ചടവ് |
| മൂന്നാംഗഡു | 635100 | അംഗൻവാടി ജീവനക്കാരുടെ വേതനം |
| മൂന്നാംഗഡു | 375000 | ലൈഫ് മിഷൻ തിരിച്ചടവ് |

6)വികസനഫണ്ട്(എസ്.സി.പി) വിഭാഗത്തിൽ സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ചുവടെ ചേർത്തിട്ടുള്ള ഇനങ്ങൾക്കായി കുറവ് ചെയ്തിട്ടുള്ള തുകയ്ക്ക് ജി.ഒ.പ്രൊജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

| വിവരം | സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക | ഇനം |
|---|---|---|
| രണ്ടാംഗഡു | 132353 | ലൈഫ് മിഷൻ തിരിച്ചടവ് |
| മൂന്നാംഗഡു | 132353 | ലൈഫ് മിഷൻ തിരിച്ചടവ് |

7)വികസനഫണ്ട്(ജനറൽ) വിഭാഗത്തിൽ I-6 ലെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയില്ല. I-6 പ്രകാരം 9886415/- രൂപയും RP-7 പ്രകാരം 9136415/-രൂപയുമാണ് വരവ്. വ്യത്യാസം 750000/-രൂപ. ലൈഫ് മിഷൻ തിരിച്ചടവ് സോഴ്സ് ഡിഡക്ഷൻ നടത്തിയതാണ്. ഇവ കൂടാതെ 3 ഗഡുക്കളിലായി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുള്ള താഴെ ചേർക്കുന്ന തുകകൾ I-6 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | തുക | വിഭാഗം |
|---|---|---|
| KWA | 484992 | ജനറൽ |
| KSEB | 118 | ജനറൽ |
| അംഗൻവാടി ജീവനക്കാരുടെ വേതനം | 635100 | ജനറൽ |
| ലൈഫ് മിഷൻ തിരിച്ചടവ് | 264706 | എസ്.സി.പി |

8)അംഗനവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക 635100/-രൂപയാണ്.(വികസനഫണ്ട്(ജനറൽ) വിഭാഗം-മൂന്നാംഗഡുവിൽ നിന്നും).എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത ഇനത്തിലെ ചെലവ് 423400/-രൂപയാണ്. 211700/-അധികമായി സോഴ്സ് ഡിഡക്ഷൻ നടത്തിയത് മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടമായി.

09)അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advance To Others ൽ 170000/-രൂപ ചെലവ് ഉണ്ട്. 31-03-2020 ൽ ടി തുക ഇപ്പോഴും ബാലൻസ് ഷീറ്റിൽ റീ-ക്ലൂപ്പ് ചെയ്യാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10) വസ്തുനികുതി കളക്ഷൻ തുകയുടെ സഞ്ചയ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിന്റെ കൃത്യത വാർഷിക കണക്കുമായി പരിശോധിക്കാൻ സാധിച്ചില്ല.

11) Total Sanitation ഗ്രാന്റ് ഇനത്തിൽ വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരം 2117130/-രൂപ ബാധ്യതയുണ്ട്.എന്നാൽ ശുചിത്വ മിഷൻ അക്കൗണ്ട് പ്രകാരം 1758845/-രൂപ മാത്രമാണ് നീക്കിയിരുപ്പ്.വ്യത്യാസം വിശദമാക്കിയിട്ടില്ല.

12)ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരം 4445183/-രൂപ നീക്കിയിരുപ്പ് ഉണ്ട്. എന്നാൽ RP- 40(b) പ്രകാരം ശുചിത്വ മിഷൻ പ്രത്യേക അക്കൗണ്ട് ഇല്ല. ഈ തുക ഏത് അക്കൗണ്ടിൽ സൂക്ഷിക്കുന്നുവെന്ന് വ്യക്തമാക്കിയിട്ടില്ല.

13)Total Sanitation Campaign(TSC) ഇനത്തിൽ വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരം 611715/-രൂപ നീക്കിയിരുപ്പ് ഉണ്ട്. എന്നാൽ RP- 40(b) പ്രകാരം ഇതിന് പ്രത്യേക അക്കൗണ്ട് ഇല്ല. ഈ തുക ഏത് അക്കൗണ്ടിൽ സൂക്ഷിക്കുന്നുവെന്ന് വ്യക്തമാക്കിയിട്ടില്ല.

14) RP- 40(b) യിൽ Treasury TSB-Joint Venture പ്രകാരം 2525896/-രൂപ നീക്കിയിരുപ്പ് ഉണ്ട്. എന്നാൽ ശരിയായ നീക്കിയിരുപ്പ് 3409946/-രൂപ.(ബ്ളോക്ക് -2074146/- ജില്ല-1335800/-).വ്യത്യാസം വിശദമാക്കിയിട്ടില്ല.

15) ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

16)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011,പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,കണ്ടിൻജന്റ് ബാദ്ധ്യതകൾ,ധനസഹായ റിപ്പോർട്ടുകൾ,മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23005284 |
| വരവ് | 66360780 |
| ആകെ | 89366064 |
| ചെലവ് | 66214376 |
| നീക്കിയിരിപ്പ് | 23151688 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14441790 | 14441790 | 9136415 | 5305375 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1367294 | 1367294 | 9343665 | 3823629 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13459000 | 13459000 | 4930847 | 8528153 |
| സംരക്ഷണഗ്രാന് റ് നോൺറോഡ് | 0 | 4432000 | 4432000 | 2683210 | 1748790 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10233523 | 10233523 | 2816296 | 7417227 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 63401000 | 63401000 | 63401000 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5161 | 1165804 | 1170965 | 735249 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | 855217 | 832733 | 1687950 | 1230120 | 457830 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 675444 | 3145525 | 3145525 | 3145525 |
| | ഇ- ബിൽ | | 1836857 | 2512301 | 438155 |
| | ജില്ലാ പഞ്ചായത്ത് | 1335800 | 100000 | 1435800 | 100000 |
| സെൻട്രൽ ഷെയർ | ഇ- ബിൽ | | 399950 | 399950 | 399950 |
| | ടോട്ടൽ സാനിട്ടേഷൻ | 965920 | 70795 | 1036715 | 425000 |
| തനത് ഫണ്ട് | ടോട്ടൽ സാനിട്ടേഷൻ (സ്റ്റേറ്റ് ഷെയർ) | 2117130 | 300000 | 2417130 | 300000 |
| | ശുചിത്വ മിഷൻ | 4436780 | 20403 | 4457183 | 12000 |
| | കുടിവെള്ളം | 1624 | 0 | 1624 | 0 |
| | ലിറ്ററസി | 9343 | 0 | 9343 | 0 |
| | മറ്റ് ഗവൺമെന്റ് ഏജൻസികൾ | 198060 | 0 | 198060 | 0 |

## 1-5 പദ്ധതി അവലോകനം.

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 156 | 101416146 | 39 | 44787240 | 46 | 71 | 44.16% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5161 | 1163106 | 1168267 | 1534037 | 365770 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 64557000 | 64557000 | 64557000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61680 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 3670200 | 462 |
| വിധവാപെൻഷൻ | 8701800 | 1124 |
| വാർദ്ധക്യകാലപെൻഷൻ | 17483100 | 2164 |
| വികലാംഗപെൻഷൻ | 2465900 | 307 |
| അവിവാഹിതപെൻഷൻ | 550200 | 73 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 1 | 30000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2022 ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,27,142/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനങ്ങൾ നൽകുന്നതിന് സഹായകരമാകുന്നുണ്ട്.

2. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല..

3.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല. തൻവർഷത്തെ പല വാങ്ങലുകളും യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ വിലയ്ക്കാണ് വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടു.

4.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങളും വിതരണ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ

രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിനിയോഗ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒരു പ്രവർത്തിയിലും പൂർത്തീകരണ സർട്ടിഫിക്കറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 31-03-20 ൽ ഒന്നരകോടിയിലേറെ രൂപയാണ് കുടിശ്ശികയായി അവശേഷിക്കുന്നത്. തൻവർഷം സോഴ്സ് ഡിഡക്ഷൻ ഇനത്തിലും തുക കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെയൊന്നും കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി, കുടിശ്ശിക കുറവുചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

8. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-31-A-6170 എന്ന വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് ലോഗ് ബുക്ക് പരിശോധിച്ചതിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന - ക്ഷേമകാര്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്- തൊഴിൽ നികുതി ഈടാക്കി

ജീവനക്കാർ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിനും സ്ഥാപനത്തിൽ യന്ത്രങ്ങൾ

പ്രവർത്തിപ്പിക്കുന്നതിനുള്ള മോട്ടോർ റണ്ണിംഗ് ഫീസീടാക്കാതിരുന്നതിനും ഓഡിറ്റ് എൻക്വയറികൾ (29/8.3.2022), (6/4.3.2022) നൽകിയിരുന്നു. തുടർന്ന് തൊഴിൽ നികുതി, മോട്ടോർ റണ്ണിംഗ് ഫീ എന്നിവ ഈടാക്കി ഒടുക്കി അടവുവരുത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര്/വിലാസം | ഇനം | രസീത് നം | തുക |
|---|---|---|---|---|
| 1 | അഖിൽ .എസ്.ആർ,പാലിയേറ്റീവ് ഡ്രൈവർ | തൊഴിൽ നികുതി | 1210104553/G041101 /08.3.2022 | 1224/- |
| 2 | സെക്രട്ടറി,സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം 1781 | സ്ഥാപന നികുതി | 1210104544/G041101 /05.3.2022 | 3400/- |
| 3 | വിപിൻ .വി. ഹരിഗീതം ട്രേഡേഴ്സ് | മോട്ടോർ റണ്ണിംഗ് ഫീസ് | 1210104576/G041101 /09.3.2022 | 400/- |
| ആകെ | | | | 5024/- |

## 1-11 ക്യാൻസൽഡ് രസീത് സൂക്ഷിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് നടപ്പിലാക്കിയിട്ടുള്ളതിനാൽ 3/10/2021 മുതൽ ക്യാൻസൽ ചെയ്തിട്ടുള്ള രസീതുകൾ പലതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ക്യാൻസലേഷൻ റിപ്പോർട്ട് പിന്നീട് ലഭ്യമാകുന്നുണ്ടെങ്കിലും ക്യാൻസൽ ചെയ്യുന്ന രസീതുകളുടെ പ്രിന്റുകൾ പിന്നീട് സിസ്റ്റത്തിൽ നിന്നും ലഭിക്കുന്നില്ല. മാനവൽ രസീതുപ്രകാരം ഔട്ട്ഡോർ കളക്ഷൻ പഞ്ചായത്തിൽ അടയ്ക്കുന്നതിന്റെ രസീത് അതാത് ദിവസം തന്നെ പ്രിന്റ് എടുത്ത് കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിച്ചില്ലെങ്കിൽ രസീതുകളുടെ പോസ്റ്റിംഗ് നടന്നുകഴിഞ്ഞാൽ പിന്നീട് ഈ രസീത് സിസ്റ്റത്തിൽ നിന്നും ലഭ്യമാകുന്നില്ല. ഇത് മാനവൽ രസീത് പരിശോധന പ്രയാസകരമാക്കുന്നു. പുതിയ സംവിധാനത്തിലുള്ള അറിവില്ലായ്മമൂലമാണ് ഇത് സംഭവിച്ചത്. ആയതിനാൽ ക്യാൻസൽ ചെയ്ത രസീതുകൾ അതാതു ദിവസം തന്നെ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഔട്ട്ഡോർ കളക്ഷൻ പഞ്ചായത്തിൽ അടവാക്കുന്നതിന്റെ രസീതുകൾ അതാത് ദിവസം തന്നെ പ്രിന്റ്എടുത്ത് കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല.

1) ബി.എസ്.എൻ.എൽ (1,2 അർദ്ധവർഷങ്ങൾ)

2) തത്തംമുന്ന ക്ഷീരോൽപ്പാദക സഹകരണസംഘം(2-ാം അർദ്ധവർഷം)

നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (6/4.3.2022) നൽകിരുന്നു.നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടക-നിയമാനുസൃതം കരാറിൽ ഏർപ്പെടുന്നില്ല-സംസ്ഥാന സർക്കാരിന് 1800/- രൂപ നഷ്ടം-

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും അവരിൽ നിന്ന് നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമനമ്പർ | വാടകാരന്റെ പേര് | കെട്ടിട നമ്പർ | ഈടാക്കേണ്ടിയിരുന്നമുദ്രപത്രവില |
|---|---|---|---|
| 1 | ഉത്തമൻ.പി.വി | 4/585 | 200 |
| 2 | ബിനുകൃഷ്ണ, നല്ലതറയിൽ | 4/590 | 200 |
| 3 | ബാലകൃഷ്ണപിള്ള, വല്യത്ത് | 4/591 | 200 |
| 4 | രതീഷ് കുമാർ, ആതിര, പാറ്റൂർ | 4/584 | 200 |
| 5 | സെക്രട്ടറി,നൂറനാട് സർവ്വീസ് കോഓപ്പറേറ്റീവ്ബാങ്ക് ലിമിറ്റഡ്നം-1559 | 4/437 | 200 |

| | | | |
|---|---|---|---|
| 6 | പ്രകാശ്,നമ്പ്യർകളങ്ങര വടക്കേതിൽ | 4/556 | 200 |
| 7 | പ്രകാശ്, അയിരൂർതറയിൽ | കുതിരകെട്ടുംതടംഷോപ്പിംഗ്കോംപ്ലക്സ് 6-ാംനമ്പർമുറി | 200 |
| 8 | അജയകുമാർ ഉഷസ്,പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ്കോംപ്ലക്സ് 1,4നമ്പർമുറികൾ | 200 |
| 9 | ദിവാകരൻ, രോഹിണിസദനം | കുതിരകെട്ടുംതടം ഷോപ്പിംഗ്കോംപ്ലക്സ് 3-ാംനമ്പർ മുറി | 200 |
| | | ആകെ | 1800 |

കെട്ടിടമുറികൾ വാടകയ്ക്കു നൽകുമ്പോൾ നിയമപ്രകാരം കരാർ ചമയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (15/5.3.2022) വാടകക്കാരിൽ നിന്നും മുദ്രപത്രം വാങ്ങുന്നതിന് ശ്രദ്ധിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. പഞ്ചായത്തിന്റെ ആസ്തികളിൻമേലുള്ള ഇടപാടുകളിൽ നിയമപ്രകാരം കരാർ ചമയ്ക്കാത്തത്, അതിൻമേൽ ഉണ്ടാകാനിടയുള്ള നഷ്ടം ഈടാക്കുന്നതിന് നിയമസാധുത ഇല്ലാതാക്കുക മാത്രമല്ല സ്റ്റാമ്പ് നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനവും ഇത്തരം നടപടികളിലൂടെ നഷ്ടപ്പെടുന്നു. തുടർ വർഷങ്ങളിൽ വാടകക്കാരുമായി നിയമപ്രകാരം കരാറിൽ ഏർപ്പെടേണ്ടതാണ്.

## 1-14 വാടക പൂർണ്ണമായും ലഭിച്ചിട്ടില്ല

2019-20 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ കടമുറികൾ വാടകയ്ക്ക് എടുത്തിരുന്ന താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും 18452/-രൂപ വാടകകുടിശ്ശിക ലഭിക്കാനുണ്ട്.

| ക്രമ നം | പേര്/കെട്ടിട നമ്പർ | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | ഉത്തമൻ.പി.ബി, പനയ്ക്കൽ,4/585 | 13860/- |
| 2 | പ്രകാശ് അയിരൂർതറയിൽ,17/587 | 3804/- |
| 3 | കമലാക്ഷി,കുമ്പഴകിഴക്കതിൽ,4/7 | 788 |
| ആകെ | | 18452 |

കുടിശ്ശിക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (15/5.3.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.വാടക കുടിശ്ശിക ഉത്തരവാദികളിൽ നിന്ന് പിഴസഹിതം ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

I)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെചേർത്തിരിക്കുന്ന ക്ഷീരസഹകരണസംഘങ്ങൾ 2019-20 വർഷത്തിൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്.

1)പുലിമേൽ ക്ഷീരോൽപ്പാദകസഹകരണസംഘം

2)എടക്കുന്നം ക്ഷീരോൽപ്പാദകസഹകരണസംഘം

3)എടപ്പോൺ ക്ഷീരോൽപ്പാദകസഹകരണസംഘം

4) പാറ്റൂർ ക്ഷീരോൽപ്പാദകസഹകരണസംഘം

5)തത്തംമുന്ന ക്ഷീരോൽപ്പാദകസഹകരണസംഘം

6)ചെറുമുഖക്ഷീരോൽപ്പാദകസഹകരണസംഘം

II) പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരിൽ താഴെപ്പറയുന്നവർ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

| ക്രമ നം | പേര്/മേൽവിലാസം | കെട്ടിട നമ്പർ |
|---|---|---|
| 1 | ബാലകൃഷ്ണപിള്ള,വല്യത്ത് | 4/591 |
| 2 | ബിനു കൃഷ്ണ നല്ലതറയിൽ | 4/590 |
| 3 | പ്രകാശ്,അയിരൂർതറയിൽ | കതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 6-ാം നമ്പർ ,മുറി 17/527 |
| 4 | അജയകുമാർ ഉഷസ്,പാറ്റൂർ | കതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 1,4 നമ്പർ മുറികൾ |
| 5 | ദിവാകരൻ,രോഹിണിസദനം | കതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 3-ാം നമ്പർ മുറി |
| 6 | കൊച്ചുകൃഷ്ണൻ,രശ്മി പാറ്റൂർ | കതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് കിഴക്ക് 4-ാം നമ്പർ |

| | | |
|---|---|---|
| | | മുറി |
| 7 | തങ്കച്ചൻ,പുതുവേലിൽ | കതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 3-ാം നമ്പർ മുറി5-ാം നമ്പർ മുറി |
| 8 | ബിജു.വി,മേമിനേത്ത് വടക്കതിൽ | 4/596 |
| 9 | ഷാജി.എസ്.ബി,ആർഷഭവനം | 4/587 |
| 10 | രാമചന്ദ്രൻ,മേമിനേത്ത് കിഴക്കേതിൽ | 4/2 |
| 11 | മോഹനൻ,രേവതി,ചുനക്കര നടുവിൽ | 4/594 |
| 12 | ആർ.അശോകൻ,ശ്രീലക്ഷ്മി | 4/593 |

III) വാർഡ് അടിസ്ഥാനത്തിലുള്ള സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചവരെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാതിരുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (29/8.3.2022)നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. മറുപടിയിൽ രേഖപ്പെടുത്തിയത് പോലെ വരും വർഷങ്ങളിൽ ക്ഷീരസംഘങ്ങളെയും വാടകക്കാരെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-16 കാലഹരണപ്പെട്ട മുൻകുറുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2019വർഷം മുതൽ പഞ്ചായത്തിൽ ലഭിച്ച തുകകൾ നിലനിൽക്കുന്നതായാണ് കാണുന്നത്. ആകയാൽ 3 വർഷത്തിനു മുൻപുള്ള ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

സപ്ലയേഴ്സ് ഇ.എം.ഡി.

| ക്രമ നമ്പർ | തീയതി | വൌച്ചർ നമ്പർ | വ്യത്കിയുടെ പേര് /ഏജൻസി | തുക |
|---|---|---|---|---|
| 1 | 27.09.18 | 118020102920 | രാജേഷ്, രാധേയം | 12500 |
| 2 | 28.09.18 | 118020102948 | രാജേഷ്, രാധേയം | 7500 |
| 3 | 07.11.18 | 118020103316 | അനിൽ കമാർ, അദ്വൈതം | 3976 |
| 4 | 07.11.18 | 118020103318 | അനിൽ കമാർ, അദ്വൈതം | 2982 |
| 5 | 07.11.18 | 118020103319 | അനീഷ് മണിമംഗലം | 3728 |
| 6 | 07.11.18 | 118020102920 | അനീഷ് മണിമംഗലം | 7456 |
| 7 | 07.11.18 | 118020102921 | അനീഷ് മണിമംഗലം | 3729 |
| 8 | 07.11.18 | 118020102922 | അനീഷ് മണിമംഗലം | 2436 |
| 9 | 07.11.18 | 118020102923 | അനീഷ് മണിമംഗലം | 4200 |
| 10 | 07.11.18 | 118020102924 | അനീഷ് മണിമംഗലം | 4737 |
| 11 | 07.11.18 | 118020102925 | അനീഷ് മണിമംഗലം | 4970 |
| 12 | 07.11.18 | 118020102927 | അനിൽ കമാർ, അദ്വൈതം | 6712 |
| 13 | 12.11.18 | 118020102929 | ഇ- സോൺ കമ്പ്യൂട്ടഴ്സ് | 12500 |
| 14 | 12.11.18 | 118020102936 | ആൽഫാ നൈറ്റ് സിസ്റ്റംസ് | 2250 |
| 15 | 12.11.18 | 118020103431 | ഗ്യാലക്സി ഇൻഫോടെക് സിസ്റ്റംസ് | 12500 |
| 16 | 12.11.18 | 118020103436 | ഗ്യാലക്സി ഇൻഫോടെക് സിസ്റ്റംസ് | 2250 |
| 17 | 07.12.18 | 118020103711 | സതീഷ് കമാർ | 2025 |
| 18 | 07.12.18 | 118020103712 | സതീഷ് കമാർ | 5000 |
| 19 | 17.12.18 | 118020103824 | അശോകൻ | 4970 |
| 20 | 17.12.18 | 118020103825 | അശോകൻ | 6710 |
| 21 | 18.12.18 | 118020103861 | എ.എസ്. ആനന്ദൻ | 6611 |
| 22 | 18.12.18 | 118020103862 | അനീഷ് | 5000 |
| 23 | 24.05.18 | 118020101238 | ശിവപ്രസാദ് | 2250 |
| 24 | 04.12.18 | 118020103648 | ഗ്യാലക്സി ഇൻഫോടെക് സിസ്റ്റംസ് | 125000 |
| 25 | 18.12.18 | 118020103845 | കൈരളി ഏജൻസീസ് | 15000 |

| | | | | |
|---|---|---|---|---|
| 26 | 29.12.18 | 118020104096 | രാജൻ.കെ. രാജേയം | 6611 |
| 27 | 14.02.19 | 118020105679 | ഗ്യാലക്സി ഇൻഫോടെക് സിസ്റ്റംസ് | 2250 |
| 28 | 04.12.18 | 118020103848 | ഗ്യാലക്സി ഇൻഫോടെക് സിസ്റ്റംസ് | 12500 |
| 29 | 27.09.18 | 118020102920 | രാജൻ.കെ. രാജേയം | 12500 |
| 30 | 07.11.18 | 118020103319 | അനീഷ് മണിമംഗലം | 3728 |
| 31 | 07.11.18 | 118020103320 | അനീഷ് മണിമംഗലം | 7456 |
| 32 | 07.11.18 | 118020103321 | അനീഷ് മണിമംഗലം | 3729 |
| 33 | 07.11.18 | 118020103322 | അനീഷ് മണിമംഗലം | 2436 |
| 34 | 07.11.18 | 118020103323 | അനീഷ് മണിമംഗലം | 4200 |
| 35 | 07.11.18 | 118020103324 | അനീഷ് മണിമംഗലം | 4737 |
| 36 | 07.11.18 | 118020103325 | അനീഷ് മണിമംഗലം | 4970 |
| 37 | 12.11.18 | 118020103423 | ഇ-സോൺ കമ്പ്യൂട്ടേഴ്സ് | 12500 |
| 38 | 12.11.18 | 118020103424 | ഇ-സോൺ കമ്പ്യൂട്ടേഴ്സ് | 2250 |
| 39 | 12.11.18 | 118020103430 | ആൽഫാ സിസ്റ്റംസ് | 2250 |
| 40 | 12.11.18 | 118020103431 | ഗ്യാലക്സി ഇൻഫോടെക് | 12500 |
| 41 | 12.11.18 | 118020103436 | ഗ്യാലക്സി ഇൻഫോടെക് | 2250 |
| 42 | 12.11.18 | 118020103711 | സതീഷ് കുമാർ | 2025 |
| 43 | 07.12.18 | 118020103712 | സതീഷ് കുമാർ | 5000 |
| 44 | 07.12.18 | 118020103824 | അശോകൻ | 4970 |
| 45 | 17.12.18 | 1180201033825 | അശോകൻ | 6710 |
| 46 | 17.12.18 | 118020103861 | രാജൻ.കെ | 6611 |
| 47 | 18.12.18 | 118020103462 | എ.എസ്.ആനന്ദൻ | 5000 |

മേൽ സൂചിപ്പിച്ച കാലഹരണപ്പെട്ട മുൻകൂറുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ആയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നൽകിയതിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷം നൂറനാട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST&CGST @2.5 | വൌച്ചർ നമ്പർ | ചെക്ക് നമ്പർ,തീയതി | അനുവദ നീയമായ നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | | | |
| 04.12.18 | കേരളകൌമുദി | 2019-20 ലെ അസിസ്റ്റന്റ് എൻജിനീയറുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 32sq Cm | | 182 | 6072 (Sgst-124 Cgst-124) | 51/05 | 26293 16.05.19 | 4368 | 1704 |
| 12.12.18 | കേരളകൌമുദി | പുനർദാർഘ്ലാസ്, നാമഫലകം, ക്വട്ടേഷൻ, റോഡിന് കോൺക്രീറ്റ് സൈഡ് കെട്ടൽ എന്നിവയ്ക്കായി നടത്തിയ പത്രപ്പരസ്യം | 40sqcm | | 182 | 7589 (Sgst-154 Cgst-154) | 52/05 | 26293 16.05.19 | 4368 | 3221 |
| 21.02.19 | കേരളകൌമുദി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 40sqcm | | 183 | 7631 (Sgst-155 Cgst-155) | 53/05 | 26293 16.05.19 | 4368 | 3263 |
| | | ആകെ | | | | | 21292 | | | 8188 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 എ൦ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 8188 നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കി അടക്കേണ്ടതാണ്.പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ അടിയന്തിരമായി വിശദീകരണം ഓഡിറ്റിന് നല്കേണ്ടതാണ്.

## 1-18 കേരളോത്സവം നടത്തിപ്പിനായി നൽകിയ അഡ്വാൻസ് തുകകൾ നാളിതുവരെ ക്രമീകരിച്ചില്ല

2019-20 സാമ്പത്തിക വർഷം നൂറനാട് ഗ്രാമപഞ്ചായത്ത് കേരളോത്സവം നടത്തിപ്പിനായി അഡ്വാൻസായി നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക | വൌച്ചർ നമ്പർ | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1 | കേരളോത്സവം നടത്തിപ്പിനായുള്ള അഡ്വാൻസ് തുക | 25,000 | 21900523 | 30860 11.11.19 |
| 2 | കേരളോത്സവം നടത്തിപ്പിനായുള്ള അഡ്വാൻസ് തുക | 25,000 | 21900537 | 30886 19.11.19 |
| | ആകെ | 50,000 | | |

മേൽ വൌച്ചറുകൾ പ്രകാരം കൈപ്പറ്റിയ അഡ്വാൻസുകളുടെ ചെലവുരേഖകളോ, പ്രസ്തുത തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളോ ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-14/05.03.2022) മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസായി കൈപ്പറ്റിയ തുകയായ 50000രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 കേരളോത്സവം- ട്രോഫികൾ,മെഡലുകൾ എന്നിവ വാങ്ങൽ - സ്റ്റോർ പർച്ചേസ് മാനുവലിലെ നടപടി ക്രമങ്ങൾ പാലിച്ചില്ല

2019-20 സാമ്പത്തിക വർഷം നൂറനാട് ഗ്രാമപഞ്ചായത്ത് കേരളോത്സവം വിജയികൾക്കായി ആദിക്കാട്ടുകുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന "കളർ ക്രാഫ്റ്റ്" എന്ന സ്ഥാപനത്തിൽ നിന്നും ട്രോഫികൾ വാങ്ങിച്ചു.എന്നാൽ പ്രസ്തുത വാങ്ങൽ സ്റ്റോർ പർച്ചേസ് മാനുവലിന് വിധേയമാക്കി മത്സരവും നീതിയും ഉറപ്പാക്കുന്ന തരത്തിലായിരുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൌച്ചർ നമ്പർ 41/ 12 തീയതി 13.11.2019

| ക്രമ നമ്പർ | ഇനം | തുക | വൌച്ചർ നമ്പർ | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1 | കേരളോത്സവം വിജയികൾക്കുള്ള ട്രോഫികൾ,മെഡലുകൾ | 23,900 | 21900612 | 30905 13.12.19 |
| | ആകെ | 23,900 | | |

മേൽ സൂചിപ്പിച്ച വാങ്ങലിൽ സാധനങ്ങൾ നൽകിയത് " കളർ ക്രാഫ്റ്റ് , ആദിക്കാട്ടുകുളങ്ങര എന്ന സ്ഥാപനമാണ്.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി.21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6)മുതൽ (7.31)വരെ പ്രകാരം ക്വട്ടേഷൻ/ 'ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവനസമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/05-03-22) ലഭ്യമാക്കിയ മറുപടിയിൽ കേരളോത്സവം അടിയന്തിരമായി സംഘടിപ്പിക്കുന്നതിനാലും, പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുവാൻ സാധിക്കാത്തതിനാലുമാണ് അടിയന്തിരമായി ഇവ വാങ്ങേണ്ടി വന്നതെന്നും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.സ്റ്റോർ പർച്ചേസ് നിയമങ്ങൾ കർശനമായി പാലിച്ച് ഭാവിയിൽ വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് പരിപാലനം- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S0082/20

പ്രോജക്ടിന്റെപേര് - തെരുവ് വിളക്ക് പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 250000/-

തനത് ഫണ്ട്- 500000/-

മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 220000/-

ആകെ അടങ്കൽ- 970000/-

പഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ടെണ്ടർ നടത്തി വാങ്ങുകയും കരാർ അടിസ്ഥാനത്തിൽ ആളിനെ നിയമിച്ച് റിപ്പയർ ചെയ്യിക്കുകയും ചെയ്യുക എന്നതായിരുന്നു പദ്ധതി. തെരുവ് വിളക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് മൈക്രോ സോളാർ സൊല്യൂഷൻസ്, അടൂരിന്റെ ടെണ്ടറും, രാജേഷ് കുമാർ.ജി,കോൺട്രാക്ടറുടെ തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ ക്വട്ടേഷനും പ്രവൃത്തിക്കായി വാഹനം ഡ്രൈവർ ഉൾപ്പടെ ദിവസവാടക 975/-രൂപയ്ക്ക സന്തോഷ്.ജെ യുടെ ക്വട്ടേഷനും അംഗീകരിച്ചിട്ടുണ്ട്.

ചെലവ് വിവരം താഴെ ചേർക്കുന്നു.

1)ബില്നം16/18.11.19തുക.140309/-(ധനകാര്യകമ്മീഷൻഅവാർഡ്)

2)161775/-(തനത് ഫണ്ട്)

അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ രേഖപ്പെടുത്തിയ തനത് ഫണ്ട് ചെലവിന്റെ (161775/-) ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.(ചെക്ക് നം,തീയതി ലഭ്യമാക്കിയിട്ടില്ല.) തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

രാജേഷ് കുമാർ.ജി -97416/-

സന്തോഷ്.ജെ -63375/-

Incometax Deducted At Source -984/-

2)സുലേഖ ചെലവ് പത്രിക പ്രകാരം തനത് ഫണ്ടിൽ നിന്നുള്ള ആകെ ചെലവായ 181545/- രൂപയിൽ 161775 രൂപ മേൽസൂചിപ്പിച്ച പ്രകാരം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 19770/- രൂപ ( 181545-161775) എന്തിന് വേണ്ടിയാണ് പിൻവലിച്ചതെന്നതിന് പോലും വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) മൈക്രോ സോളാർ സൊല്യൂഷൻസ്, അടൂരിന്റെ 30.9.19 ലെ ഇൻവോയ്സ് നം. 54 പ്രകാരം 140310/- രൂപയുടെ 9 ഇനം സാധനങ്ങൾ ലഭ്യമായി. സ്റ്റോക്ക് രജിസ്റ്റർ പേജ് നം.44 ൽ ആയത് വരവ് വെച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിതരണം, നീക്കിയിരുപ്പ് എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.24 /8 .3.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 181545/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എൽ.ഇ.ഡി)-ചെലവ് രേഖകൾ ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷം ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും 1000000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത സ്പിൽഓവർ പ്രോജക്ട് ആണ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എൽ.ഇ.ഡി).(പ്രോജക്ട് നം -S0119/20).പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് സുലേഖ ചെലവ് പത്രിക പ്രകാരമുള്ള 32480/-രൂപയുടെ ചെലവ് താഴെ ചേർക്കുന്ന ട്രഷറി ബില്ലുകൾ പ്രകാരമാണ്.

1)ബിൽ നം.17/19-20/16.11.19 തുക.27903/-

2)ബിൽ നം.27/19-20/3.1.20 തുക.4577/-

എന്നാൽ മേൽ ചെലവുകൾ സംബന്ധിച്ച ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം19. / 5.3.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 32480/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 നെൽകൃഷി വികസനം(എസ്.സി)-അപാകതകൾ

പ്രോജക്ട് നം - S0005/20

പ്രോജക്ടിന്റെപേര് - നെൽകൃഷി വികസനം(എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വകയിരുത്തൽ

വികസന ഫണ്ട്(എസ്.സി.പി) - 400000/-

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) - 340000/-

ആകെ അടങ്കൽ -740000/-

ചെലവ് വിവരം താഴെ ചേർക്കുന്നു.

1)ബിൽ നം.8/19-20/19.1.20തുക.81900/-

2)ബിൽനം.22/19-20/19.3.20തുക.318100/-(കൂലിചെലവ് സബ്സിഡി)

National Seeds Corporation LTD,പാലക്കാടിന്റെ 9.12.19ലെ ബിൽ നം.1785ന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| Paddy(uma) | 2100kg | 39 | 81900 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2100കി.ഗ്രാം നെൽവിത്ത് സ്റ്റോക്കിൽ എടുത്തത് പുലിമേൽ സെൻട്രൽ പാടശേഖരത്തിന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാടശേഖര സമിതിക്ക് വേണ്ടി ആരും കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തൽ ഇല്ല.

2) വിതരണരേഖകൾ ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27 / 8.3.22),വിതരണ രേഖകൾ ഹാജരാക്കുന്നു എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും കൃത്യമായ വിതരണരേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പാടശേഖര സമിതി കർഷകർക്ക് നെൽവിത്ത് വിതരണം ചെയ്ത രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ നെൽവിത്തിന് ചെലവായ 81900/-രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സ്ട്രീറ്റ് മെയിൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം - S0091/20(സ്പിൽഓവർ)

പ്രോജക്ടിന്റെപേര് -വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 271027/-

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ടെണ്ടർ നടത്തി വാങ്ങുകയും കരാർ അടിസ്ഥാനത്തിൽ ആളിനെ നിയമിച്ച് റിപ്പയർ ചെയ്യിക്കുകയും ചെയ്യുക എന്നതായിരുന്നു പദ്ധതി. തെരുവ് വിളക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് മൈക്രോ സോളാർ സൊല്യൂഷൻസ്, അടൂരിന്റെ ടെണ്ടറും, രാജേഷ് കുമാർ.ജി, കോൺട്രാക്ടറുടെ തെരുവ് വിളക്ക്റിപ്പയർചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ ക്വട്ടേഷനും പ്രവൃത്തിക്കായി വാഹനം ഡ്രൈവർ ഉൾപ്പടെ ദിവസവാടക 975/-രൂപയുള്ള സന്തോഷ്.ജെയുടെ ക്വട്ടേഷനും അംഗീകരിച്ചിട്ടുണ്ട്.

ചാരുംമൂട്, പന്തളം കെ.എസ്.ഇ.ബി കളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിനുകൾ നീട്ടുന്നതിനായി ലക്ഷ്യമിട്ട സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും ,നൂറനാട് കെ.എസ്.സി.ബി. പരിധിയിൽപെട്ട 540 മീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനാവശ്യമായ 63720/-രൂപ അസിസ്റ്റന്റ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ, നൂറനാടിന്റെ പേരിലുള്ള നൂറനാട് എസ്.ബി.ഐ.യിലെ 57054355969 നം.അക്കൗണ്ടിലേക്ക് നൽകി(ബിൽ നം.5/19-20/28.6.19 തുക.63720/-). പ്രവൃത്തി പൂർത്തീകരിച്ചെങ്കിൽ പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 33 / 9.3.22), സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. ചെലവ് 63720/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 നെൽകൃഷി വികസനം(ജനറൽ)-വിതരണവിവരമില്ല

പ്രോജക്ട് നം - S0006/20

പ്രോജക്ടിന്റെപേര് - നെൽകൃഷി വികസനം(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വകയിരുത്തൽ

വികസന ഫണ്ട് - 1681390/-

തനത് ഫണ്ട് - 319010/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 2345575/-

ജില്ലാ പഞ്ചായത്ത് വിഹിതം - 850000/-

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) - 58160/-

ആകെ അടങ്കൽ -5254135/-

അപാകതകളുള്ള ചെലവുകളുടെ വിവരം താഴെ ചേർക്കുന്നു.

1)ബിൽ നം.2/19-20/30.9.19തുക.40000/-

2)ബിൽ നം.6/19-20/18.1.20തുക.420840/-

3)ബിൽ നം.7/19-20/20.1.20തുക.83160/-

4)ബിൽ നം.9/19-20/20.1.20തുക.81900/-

5)ബിൽ നം.10/19-20/20.1.20തുക.81900/-

6)ബിൽ നം.11/19-20/20.1.20തുക.81900/-

7)ബിൽ നം.12/19-20/20.1.20തുക.81900/-

8)ബിൽ നം.13/19-20/20.1.20തുക.92430/-

9)ബിൽ നം.14/19-20/20.1.20തുക.92430/-

10)ബിൽ നം.15/19-20/20.1.20തുക.92430/-

11)ബിൽ നം.16/19-20/20.1.20തുക.92430/-

മേൽ ചേർത്തിരിക്കുന്ന ബില്ലുകൾക്കടിസ്ഥാനമായ വാങ്ങലുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഇനം | അളവ് | നിരക്ക് | തുക | സ്ഥാപനം | ബിൽ നം/തീയതി |
|---|---|---|---|---|---|---|
| 1 | Paddy(uma) | 1000kg | 40 | 40000 | State Seed Farm,Adoor | SSFA04/2019-20 /29.5.19 |
| 2 | Paddy(uma) | 10020kg | 42 | 420840 | KSSDA, Thrissur | 1086/19-20 /24.10.19 |
| 3 | Paddy(uma) | 1980kg | 42 | 83160 | KSSDA, Thrissur | 1157/19-20 /20.11.19 |

| | | | | | | |
|---|---|---|---|---|---|---|
| 4 | Paddy(uma) | 2100kg | 39 | 81900 | NSC, Palakkad | 1786/ 9.12.19 |
| 5 | Paddy(uma) | 2100kg | 39 | 81900 | NSC, Palakkad | 1787/ 9.12.19 |
| 6 | Paddy(uma) | 2100kg | 39 | 81900 | NSC, Palakkad | 1784/ 9.12.19 |
| 7 | Paddy(uma) | 2100kg | 39 | 81900 | NSC, Palakkad | 1783/ 9.12.19 |
| 8 | Paddy(jyothi) | 2370kg | 39 | 92430 | NSC, Palakkad | 1790/ 9.12.19 |
| 9 | Paddy(jyothi) | 2370kg | 39 | 92430 | NSC, Palakkad | 1788/ 9.12.19 |
| 10 | Paddy(jyothi) | 2370kg | 39 | 92430 | NSC, Palakkad | 1789/ 9.12.19 |
| 11 | Paddy(jyothi) | 2370kg | 39 | 92430 | NSC, Palakkad | 1791/ 9.12.19 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) നെൽവിത്ത് സ്റ്റോക്കിൽ എടുത്തത് പാടശേഖരത്തിന് നൽകി എന്ന് മാത്രമാണ് രേഖപ്പെടുത്തൽ. പാടശേഖരത്തിന്റെ പേരില്ല. പാടശേഖരങ്ങൾക്ക് വേണ്ടി ആര് കൈപ്പറ്റി എന്നതിന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

2) പാടശേഖരങ്ങൾ കർഷകർക്ക് നെൽവിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

## 1-25 കുറ്റികുരുമുളക് - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി

2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് - 163200/-രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് കുറ്റികുരുമുളക് കൃഷി വികസനം (പ്രോജക്ട് നം - S0019/20).

ചെലവ് വിവരം താഴെ ചേർക്കുന്നു.

1)ബില്നം.3/19-20/29.10.19തുക.163000/-

KAICO, തിരുവനന്തപുരത്തിന്റെ 29.10.19 ലെ Q-508/19-20 നം.ഇൻവോയ്സിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Bushpepper | 2040 | 80 | 163200 |

ഗുണഭോക്തൃലിസ്റ്റിൽ 544 പേരുണ്ട്. വിതരണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.26 / 8.3.22), നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം,790 പേർക്കായി 2 ഉം 3ഉം വീതം ആകെ 2040കുരുമുളക് തൈകൾ വിതരണം ചെയ്തു. 544 പേർ മാത്രമുള്ള ഗുണഭോക്തൃലിസ്റ്റിൽ നിന്നും 790 ഗുണഭോക്താക്കൾക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തു. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 246 പേർക്ക് 3 വീതം ആകെ 738 കുരുമുളക് തൈ വിതരണം ചെയ്തത് മൂലം ഉണ്ടായ അധിക ചെലവ് (738X80) 59040/-രൂപ നിരാകരിക്കുന്നു.

## 1-26 ഐ.കെ.എം.ന് തുക അടവാക്കൽ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0001/20

പ്രോജക്ടിന്റെപേര് - ഐ.കെ.എം.ന് തുക അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 87965/-

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം മാനേജരുടെ എസ്.ബി.ഐ.നന്തൻകോട് ബ്രാഞ്ചിലെ 57047023512 നം. അക്കൗണ്ടിലേക്ക് 87420/-രൂപ നൽകി. (ബിൽ നം.7/19-20/26.7.19 തുക.87420/-). സെക്രട്ടറി 21.8.19ൽ സി5/930/19 നം.കത്തിൽ ധനവിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് ഇൻഫർമേഷൻ കേരള മിഷൻ മാനേജർക്ക് കത്ത് നൽകി. എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 / 5.3.22), ഐ.കെ.എം ൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി.ഈ സാഹചര്യത്തിൽ 87420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഇടപ്പോൺ കല്ലും തലയ്ക്കൽ റോഡ് ഡ്രയിൻ നിർമ്മാണം-അധികം ചെലവഴിച്ചത്-16653/- രൂപ.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ പ്രോജക്ടാണ്, ഇടപ്പോൺ കല്ലും തലയ്ക്കൽ റോഡ് ഡ്രെയിൻ നിർമ്മാണം .ഫയൽ പരിശോധിച്ചതിലും,ഭൌതിക പരിശോധനയിലും ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കാണ നിർമ്മാണത്തിന്റെ പ്രാഥമിക ഇനങ്ങളായ എർത്ത് വർക്ക് എക്സ്കവേഷനം, ബെഡ് കോൺക്രീറ്റും, വെയറിംഗ് കോട്ടും നിർമ്മിച്ച അളവിനെക്കാൾ അധികം കാണയുടെ ഭിത്തി നിർമ്മിച്ചു- അധിക ചെലവ് -

ഈ പ്രവർത്തിയുടെ അളവ് പുസ്തകത്തിൽ ഇനം 1 ആയി കാണ നിർമ്മാണത്തിന് വേണ്ടി എർത്ത് വർക്ക് എക്സ്കവേഷനം, ഇനം 2 ആയി 1:4:8 അനുപാതത്തിൽ ബെഡ് കോൺക്രീറ്റിംഗും, ഇനം 5 ആയി 1:2:4 അനുപാതത്തിൽ വെയറിംഗ് കോട്ടും നിർവ്വഹിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എർത്ത് വർക്ക് എക്സ്കവേഷൻ

1x1x20.30x 1.00x0.45 = 9.135m3

1x1x5.70x 0.80x0.35 = 1.596m3

1x19.95x0.80x 0.35 = 5.586m3

16.317m3

1:4:8 അനുപാതത്തിൽ ബെഡ് കോൺക്രീറ്റിംഗ്-

1x1x20.30x 1.00x0.10 = 2.03m3

1x1x5.70x 0.80x0.10 = 0.456m3

1x19.95x0.80x 0.10 =1.596m3

4.082m3

1:2:4 അനുപാതത്തിൽ വെയറിംഗ് കോട്ട്-

1x1x20.30x 1.00x0.05 = 0.609m3

1x1x5.70x 0.80x0.05 = 0.171m3

1x19.95x0.80x 0.05 =0.598m3

1.378m3

എന്നാൽ കാണയുടെ ഇരുവശവും 0.20 Cm. കനത്തിൽ സൈഡ് വാൾ നിർമ്മിച്ചപ്പോൾ മുകളിൽ ക്രമ നം. 2 ആയി കാണിച്ചിട്ടുള്ള 5.70 മീറ്റർ എന്നത് 26 മീറ്റർ എന്ന് രേഖപ്പെടുത്തി, അതിന്റെയടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മൂല്യം നിർണ്ണയിച്ച് തുക നൽകി.

1x20.30x0.20 X0.65 = 2.639m3

1x26x 0.20x0.55 = 2.86m3

1x19.95x0.20x 0.55 =2.194m3

7.693m3

അധികമായി രേഖപ്പെടുത്തിയ 20.30 മീറ്റർ നീളത്തിൽ സൈഡ് വാൾ നിർമ്മിച്ചിരിക്കുന്നത് , കാണനിർമ്മാണത്തിന് ആദ്യമായി ചെയ്യേണ്ട മുകളിൽ രേഖപ്പെടുത്തിയ മൂന്ന് ഇനം പ്രവർത്തികളും ചെയ്യാതെയാണ്. അധികമായി നിർമ്മിച്ച 20.30 മീറ്റർ നീളത്തിൽ നിലവിൽ ബെഡ് നിർമ്മിച്ച് വെയറിംഗ് കോട്ട് വരെ നിർമ്മിച്ചിരുന്നതാണെന്ന വിവരവും എവിടെയും രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും അധികം അളവ് രേഖപ്പെടുത്തി കരാറുകാരന് അധികം തുക നൽകാനിടയായി എന്ന് വ്യക്തമാണ്.ഇപ്രകാരം അനുവദനീയമായ അളവിന്റെയും അധികം ചെലവഴിച്ച തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

അനുവദനീയമായ അളവ്-

1x20.30x0.20 X0.65 = 2.639m3

1x5.7x 0.20x0.55 = 0.627m3

1x19.95x0.20x 0.55 =2.194m3

5.46m3

അനുവദനീയമായ തുക-

5.46m3 X7457.74/m3 = 40719/-രൂപ

നൽകിയത് = 57372/- രൂപ

അധികം നൽകിയത് - 57372 - 40719 = 16653/- രൂപ.

കാണയുടെ ഭിത്തിയുടെ ഉയരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് 0.65 Cmഉം.0.55cm.ഉം ആണ്. എന്നാൽ ഭൌതിക പരിശോധനയിൽ ചില ഭാഗത്ത് 38cm ഉം ചില ഭാഗത്ത് 50 Cm.ഉം വരെ ഉയരത്തിൽ മാത്രമാണ് സൈഡ് വാൾ നിർമ്മിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 16653/- രൂപ അളവു രേഖപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

പ്രോജക്ട് നം -S115/20(സ്പിൽ ഓവർ)

അടങ്കൽ - 1420000/-മെയിന്റനൻസ് ഫണ്ട്(റോഡ്)

കരാറുകാരൻ - അനിൽകുമാർ.എം.

അളവു പുസ്തകം - 06/N/19-20

ചെലവ് വിവരം-Rs-122647/-ബിൽ നം.9/19-20/5.9.19

## 1-28 പ്രവർത്തി പൂർത്തീകരണ കാലാവധി വൈകിയതിന് പിഴ ഈടാക്കിയില്ല/ ഈടാക്കിയതിൽ കുറവ്- അധിക ചെലവ്- 16526/-രൂപ-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികമാകാൻ പാടില്ല. എന്നാൽ ചുവടെ

ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ആദ്യ തവണ മാത്രം ഫൈൻ ഈടാക്കിയ ശേഷമോ, നിയമാനുസൃതം ഈടാക്കേണ്ടതിനെക്കാൾ കുറവ് ഈടാക്കിയതിന് ശേഷമോ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

1) മാത്തിൽ എല്ല കണ്ടം റോഡ് റീ-ടാറിംഗും സംരക്ഷണഭിത്തി നിർമ്മാണവും -

പ്രൊജക്റ്റ് നം - S0116/20
അടങ്കൽ -500000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

കരാറുകാരൻ - A.S.ആനന്ദൻ.

എഗ്രിമെന്റ് നം. 26/AE/LSGD/NGP/18-19/06-03-19

ബിൽ നം, തീയതി, തുക - 1) 21/19-20, 28-01-20, 470667/-

PAC- 499393/-

M Book – 13/N/19-20

പൂർത്തീകരിക്കേണ്ട തീയതി- 06-07-19

പൂർത്തീകരിച്ച തീയതി- 20-01-20 (പേജ് -22)

ഈടാക്കിയ ഫൈൻ- 9460/-(2%)

ഈടാക്കേണ്ട ഫൈൻ -

ആദ്യ തവണ- PAC യുടെ 1% - 499393 X 1% = 4993/-(06/10/2019 വരെ)

രണ്ടാം തവണ - PAC യുടെ 2% - 499393 X 2% = 9987/- (06/01/2020 വരെ)

മൂന്നാംതവണPACയുടെ2%-499393x2%=9987x14/90=1553(20/01/20 വരെ)

ആകെ ഈടാക്കേണ്ടത് - 4993+ 9987+ 1553 = 16533/-

ഈടാക്കിയത് - 9460/-

കുറവ് - 7073/- ( 16533 - 9460 )

2) ഇടനാട് മൂന്നുമൂല റോഡിൽ മൂന്നുമൂല ജം.മുതൽ റോഡ് റീ- സർഫസിംഗ് -

പ്രൊജക്റ്റ് നം - S0105/20
അടങ്കൽ – 500000/-മെയിന്റനൻസ് ഫണ്ട്(റോഡ്)

കരാറുകാരൻ - എൻ.യശോധരൻ.

എഗ്രിമെന്റ് നം. 12/AE/LSGD/NGP/18-19/24-12-19

ബിൽ നം, തീയതി, തുക - 1) 06/19-20, 16-08-19, 499253/-

PAC- 499253/-

M Book – 89/N/18-19

പൂർത്തീകരിക്കേണ്ട തീയതി- 24-04-19

പൂർത്തീകരിച്ച തീയതി- 14-05-19 (പേജ് -19)

ഈടാക്കിയ ഫൈൻ- 0

ഈടാക്കേണ്ട ഫൈൻ -

ആദ്യ തവണ- PAC യുടെ 1% - 499253 X 1% = 4992/-(14/05/2019 വരെ)

3) ചിറയിൽകുളം ഏലാ കലുങ്ക് നിർമ്മാണം -

പ്രൊജക്റ്റ് നം - S0110/20(സ്പിൽ ഓവർ)
അടങ്കൽ -445185/-(ധനകാര്യകമ്മീഷൻ അവാർഡ്)

കരാറുകാരൻ - ചന്ദ്രശേഖരൻ ഉണ്ണിത്താൻ.

എഗ്രിമെന്റ് നം. 4/AE/LSGD/NGP/18-19/23-10-18.

ബിൽ നം, തീയതി, തുക - 1) 06/19-20, 16-08-19, 499253/-

PAC- 446185/-

M Book – 27/N/19-20

പൂർത്തീകരിക്കേണ്ട തീയതി- 23-08-19

പൂർത്തീകരിച്ച തീയതി- 31-10-19 (പേജ് -19)

ഈടാക്കിയ ഫൈൻ- 0

ഈടാക്കേണ്ട ഫൈൻ -

ആദ്യ തവണ- PAC യുടെ 1% - 446185 X 1% = 4461/-(31/10/2019 വരെ)

കമ്മിറ്റിയുടെ 9-7-19 ലെ 1(6) -ാം നമ്പർ തീരുമാനപ്രകാരം ഈ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ 23-10-18 ൽ കരാർ വെച്ച ഈ പ്രവർത്തി 19-7-19 വരെയും ആരംഭിച്ചിരുന്നില്ല.കരാറുകാരൻ പൂർത്തീകരണ കാലാവധി നീട്ടുന്നതിന് അപേക്ഷ നൽകിയിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ല.

ഒട്ടാകെ ഈടാക്കേണ്ടത് - 7073+4992+4461 = 16526/-

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/2019-20) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 16526/- രൂപ കരാറുകാരനിൽനിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-29 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം- 16346/-രൂപ-

പഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെചേർക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് ) ആണ്. ഇത് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3 (MoRD സ്പെസിഫിക്കേഷൻ കോഡ് -3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1)) ആണ്.ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം) |
|---|---|---|---|---|---|---|
| 1. | ഗുരുമന്ദിരം - പുത്തൻകുറ്റിയിൽ റോഡ് - സംരക്ഷണ ഭിത്തി. 44/N/19-20 | പ്രകാശ്.ബി. | 12.549 M3 @553.17 = 6941/- | 12.549 M3 @259.29 = 3254/- | 3687/- | 26/ 19-20,16-03-20, 119522/-രൂപ |
| 2. | ആശാന്റെ കിഴക്കേതിൽ പഞ്ചായത്ത് കുളം സംരക്ഷണഭിത്തി നിർമ്മാണം. 19/N/19-20 | A.S.ആനന്ദൻ | 15 M3 @553.17 = 8297/- | 15 M3 @259.29 = 3889/- | 4408/- | 16/ 19-20,18-12-19, 150237/-രൂപ |
| 3. | നാരായണ വിലാസംപുത്തൻ വീട്ടിൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം. 18/N/19-20 | A.S.ആനന്ദൻ | 13.62 M3 @553.17 =7534/- | 13.62 M3 @259.29 =3532/- | 4002/- | 15/ 19-20,20-01-20, 116251/-രൂപ |
| 4. | ഭൂരഹിതകോളനി-മനിനേത്ത് ക്ഷേത്രം റോഡ് സംരക്ഷണഭിത്തി നിർമ്മാണം. 39/N/19-20 | കെ.വി.സുദിൻ. | 30.199 M3 @400/m3 =12079/-(കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക്) | 30.199 M3 @259.29 = 7830/- | 4249/- | 23/ 19-20,16-03-20, 440768/-രൂപ |
| | ആകെ | | | | 16346/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 7/ 2019-20 ) മറുപടി ലഭ്യമാക്കിയില്ല .അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-30 ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്- നഷ്ടം-6794/-രൂപ

നൂറനാട് ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 238/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238 രൂപയോടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം സംഭവിച്ച നഷ്ടത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക. | 238രൂപ നിരക്കിൽ ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | അഞ്ചുമൂല പെരുമ്പ്രാൽ തറ റോഡിൽ തോപ്പിൽ ജം. | A.S.ആനന്ദൻ. | 16 ബാരൽ | 4496/- | 3808/- | 688/- | 01/19-20, Dt.07.05.19 707974/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | മുതൽ റോഡ് റീ-സർഫസിംഗ് -07/N/18-19 | | | | | | |
| 2 | മാത്തിൽ -എല്ലുകണ്ടം റോഡ് റീ-ടാറിംഗ്-13/N/19-20 | A.S.ആനന്ദൻ. | 14 ബാരൽ | 3934/- | 3332 | 602/- | 21/19-20, Dt. 28.1.20 470667/- |
| 3. | 9,10 വാർഡുകളിലെ കിണറുവിള-പാറ കനാൽ റോഡ് റീ-സർഫസിംഗ് 88/N/18-19. | എൻ.യശോധരൻ. | 50 ബാരൽ | 14050/- | 11900/- | 2150/- | 07/19-20,dt. 20.08.19 600000/- |
| 4. | ഇടനാട് മൂന്നമല റോഡിൽ മൂന്നമല ജം.മുതൽ റോഡ് റീ-സർഫസിംഗ് 88/N/18-19. | എൻ.യശോധരൻ. | 26 ബാരൽ | 7306/- | 6188/- | 1118/- | 6/19-20, Dt. 16.08.19 499253/- |
| 5. | ആൽത്തറമൂട്-പാറ്റൂർ വീട് റോഡ് റീ-ടാറിംഗ്-സൈഡ് കോൺക്രീറ്റിംഗ് 04/N/19-20. | പ്രകാശ്.ബി | 14 ബാരൽ | 3934/- | 3332/- | 602/- | 04/19-20,dt. 09.08.19 498889/- |
| 6. | പാറപ്പുറത്ത് ജം.-വെട്ടടിക്ക ജം.റോഡ് റീ-സർഫസിംഗ് 90/N/18-19. | ചന്ദ്രശേഖരനുണ്ണിത്താൻ | 19 ബാരൽ | 5339/- | 4522/- | 817/- | 03/19-20,dt. 09.08.19, Rs357424/- |
| 7. | പാൽ സൊസൈറ്റി-മേലെ കോളനി റോഡ് റീ-സർഫസിംഗ് 88/N/18-19., 25/N/19-20 | കെ.രാജൻ. | 19 ബാരൽ | 5339/- | 4522/- | 817/- | 19/19-20,dt. 15.01.20,Rs 484455/- |
| | | | | ആകെ | 6794/- | | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/19-20) മറുപടി ലഭ്യമാക്കിയില്ല .അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-31 റോഡ് കോൺക്രീറ്റിംഗ് - വോയിഡ്സ് കുറവു ചെയ്തില്ല - നഷ്ടം-5084/-

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള താഴെചേർക്കുന്ന പ്രവൃത്തികളിൽ 1:4;8 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ഇതിന് 40mm മെറ്റൽ ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. .CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സ് ഇനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്.എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്. | അനുവദിച്ച അളവ് | 7.5% കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ് | അധികം നൽകിയ തുക | FTO No./ തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 6- ാം വാർഡിൽ പാർവതി നിവാസ് മേലോട്ടിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്. 270913 | അനിൽകുമാർ. എം.കെ | 21 M3 | 20.67 M3 | 21 M3 – 1.575m3 = 19.425 M3 | 1.245m3 (20.67-19.425) @ 1932/m3 = 2405/- | 5884/06-04-20, (Que Bill) |
| 6- ാം വാർഡിൽ കൈപ്പള്ളി മുക്ക് - പുഞ്ച റോഡ് കോൺക്രീറ്റിംഗ്. 259023 | അനിൽകുമാർ. എം.കെ | 18.50m3 | 18.50m3 | 18.50- 1.387 =17.11 M3 | 1.387 M3 @1932/m3 =2679/- | 5873/ 06-04-20, (Que Bill) |
| | | | | ആകെ | 5084/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/ 2019-20 ) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-32 കയർഭൂവസ്ത്രം വിരിക്കൽ - കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചത്-14135/-രൂപ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 2019-20 വർഷം നിർവ്വഹിച്ച കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കിയത് മൂലം അധിക ചെലവുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.
കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്.എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിയിട്ടില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 66.67 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദ വിവരം/വർക്ക് കോഡ് / M-book No./ | ഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചി രിക്കുന്നത്. (ചതു.മീറ്റർ) | 1m2 വിരിക്കുന്നതിന് 1.05m2 എന്ന നിരക്കിൽ ഭൂവസ്ത്രം വിരിക്കാവുന്ന പരമാവധി വിസ്തൃതി.(m2 )(ഭൂവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|---|
| 1. | 12-ാംവാർഡിൽ ചിറയിൽകുളം പെരുവേലിച്ചാൽ തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-352657, 18/19-20 | 750 | 714 | 50002 | 47602 | 2400 | FTO- No. 173253dt.13/08/19 |
| 2. | 13-ാംവാർഡിൽ കൊക്കോട്ടു താഴെ മുതൽ പെരുമ്പ്രാൽ കലുങ്ക് വരെ തോട് പുനരുദ്ധാരണം. WC-328455, 22/19-20 | 800 | 761 | 53336 | 50735 | 2601 | FTO- No. 6121 Dt.07/04/20, (Q Bill) |
| 3. | 6-ാംവാർഡിൽ ഏല – ഏലിയാസ് നഗർ തോട് റീച്ച്-3 പുനരുദ്ധാരണം. WC-352650, 14/19-20 | 750 | 714 | 50002 | 47602 | 2400 | FTO- No. 6121 Dt.07/04/20, (Q Bill) |
| 4. | 11-ാംവാർഡിൽ സുരേന്ദ്രവിലാസം കൈതവളപ്പ് വരെ തോട് | 750 | 714 | 50002 | 47602 | 2400 | FTO- No. 6121 Dt.07/04/20, (Q Bill) |

| | | | | | | | |
|---|---|---|---|---|---|---|---|
| | പുനരുദ്ധാരണം. WC-352655, 15/19-20 | | | | | | |
| 5. | 11-ാംവാർഡിൽ മുല്ലശ്ശേരി സുരേന്ദ്രവിലാസം തോട് പുനരുദ്ധാരണം. WC-352654, 17/19-20 | 750 | 714 | 50002 | 47602 | 2400 | FTO- No. 6121 Dt.07/04/20, (Q Bill) |
| 6. | 11-ാംവാർഡിൽ കോഴിക്കാല വയൽ മുതൽ സുരേന്ദ്രവിലാസം തോട് വരെ പുനരുദ്ധാരണം. WC-328457, 11/19-20 | 600 | 571 | 40002 | 38068 | 1934 | FTO- No. 6121 Dt.07/04/20, (Q Bill) |
| | ആകെ | | | | | 14135/- | |

ഈ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1.കയർ കോർപ്പറേഷനിൽ നിന്നുള്ള ബില്ല് പ്രകാരം മേൽ സൂചിപ്പിച്ച ക്രമ നം.4 ഒഴികെയുള്ള എല്ലാ പ്രവർത്തികളിലും 500 M2 കയർഭൂവസ്ത്രം ആണ് വാങ്ങിയിട്ടുള്ളത്. ക്രമ നം. 4 ൽ 200m2 ആണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. വാങ്ങിയതും, വിരിച്ചതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. മേൽ സൂചിപ്പിച്ച എല്ലാ പ്രവർത്തികളിലും ഒന്നിന് 650/- രൂപ പ്രകാരം 12 മുളയ്ക്ക് 7800/- രൂപ നിരക്കിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആരിൽനിന്നും മുള വാങ്ങിയെന്നോ ആർക്ക് തുക നൽകിയെന്നതിനോ രേഖകളില്ല.

3. അളവുപുസ്തകത്തിൽ ആകെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളതും ," Passed For Payment " രേഖപ്പെടുത്തിയിട്ടുള്ളതും തമ്മിൽ തുകയിൽ ഭീമമായ വ്യത്യാസം ഉണ്ട്.

4.അളവുപുസ്തകത്തിൽ ആകെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് 5000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Passed For Payment " രേഖപ്പെടുത്തിയിട്ടുള്ളതിൽ ഡിസ്പ്ലേ ബോർഡിന്റെ വില 2900/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/ 2019-20 ) മറുപടി ലഭ്യമാക്കിയില്ല .അധികം നൽകിയ തുക ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-33 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയതിന് രേഖകളില്ല- ഈടാക്കേണ്ടത്-14266/-

താഴെചേർക്കുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./തീയതി |
|---|---|---|---|---|---|
| 1. | 17- ാം വാർഡിൽ ഇടപ്പോൺ പടിഞ്ഞാറ് റോഡ് കോൺക്രീറ്റിംഗ്- ചിത്തിര കോളനി റോഡ് 269519 | A.S.ആനന്ദൻ. | 109388/- | 1093/- | 509850/21-01-20, |
| 2. | 17- ാം വാർഡിൽ ഇടപ്പോൺ പടിഞ്ഞാറ്പ്ലാക്കോട്ട് ക്ഷേത്രത്തിന്റെ പുറകുവശം കോൺക്രീറ്റിംഗ്. 269518 | A.S.ആനന്ദൻ. | 139342/- | 1393/- | 510720/21-01-20, |
| 3. | 2- ാം വാർഡിൽ പാറപ്പുറത്ത് റോഡ് കോൺക്രീറ്റിംഗ്. 270894 | A.S.ആനന്ദൻ. | 119379/- | 1193/- | 561416/10-02-20, |
| 4. | 2- ാം വാർഡിൽ മുന്തിരിക്കാല റോഡ് കോൺക്രീറ്റിംഗ്. 270895 | A.S.ആനന്ദൻ. | 159066/- | 1590/- | 561288/10-02-20, |


| | | | | | |
|---|---|---|---|---|---|
| 5. | 2- ാം വാർഡിൽ ശ്മശാനം മുതൽ ഭൂരഹിത കോളനി വരെ റോഡ് കോൺക്രീറ്റിംഗ്. 276170 | A.S.ആനന്ദൻ. | 270276/- | 2702/- | 5889/06-04-20 |
| 6. | 3- ാം വാർഡിൽഅന്നക്കുട്ടി കറുകയിൽ പടി വരെ കോൺക്രീറ്റിംഗ്. 269796 | എം.കെ. അനിൽകുമാർ | 141065/- | 1410/- | 608006/28-02-20, |
| 7. | 6- ാം വാർഡിൽ പാർവ്വതി നിവാസ് -മേലോട്ടിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്. 270913 | എം.കെ. അനിൽകുമാർ | 186024/- | 1860/- | 5884/06-04-20 (Que Bill) |
| 8. | 7- ാം വാർഡിൽ കിണർ റീ-ചാർജ്ജ് നിർമ്മാണം. 338752 | ഡിവിഷണൽ എൻജിനീയർ, കെയ്കോ,തിരുവല്ല. | 151274/- | 3025/-(2%) | 5900/06-04-20 (Que Bill) |
| | | | ആകെ | 14266/- | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, അല്ലാത്തപക്ഷം മറുപടിയും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/19-20, 16/19-20)മറുപടി ലഭ്യമാക്കിയില്ല .ഈ സാഹചര്യത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-34 കൃഷിഭവൻ കോൺഫറൻസ് ഹാൾ നവീകരണം- സംബന്ധിച്ച്-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൃഷിഭവൻ കാബിൻ റൂം നിർമ്മാണവും കോൺഫറൻസ് ഹാൾ നവീകരണവും എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം.S0111/20),അടങ്കൽ-489227,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)നിർവ്വഹണം സംബന്ധിച്ച് നടത്തിയ ഭൗതിക പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രവർത്തിയിൽ 9-ാം ഇനമായി 316.43 എം2 അളവിൽ പിവിസി പ്ലെയിൻ പാനൽ ബോർഡ് ഉപയോഗിച്ച് ഫാൾസ് സീലിംഗ് നടത്തിയിട്ടുണ്ട്. ആയതിന് ആകെ 184472/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്.എന്നാൽ ഭൗതിക പരിശോധനയിൽ ടി കോൺഫറൻസ് ഹാളിന്റെ നല്ലൊരുഭാഗവും പിവിസി സീലിംഗ് ഇളകി പൊളിഞ്ഞ നിലയിലാണ് കാണപ്പെട്ടത്.ടി പൊളിഞ്ഞുപോയ ഭാഗം ശരിയാക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. പ്രവർത്തിയുടെ ഗുണനിലവാരമില്ലായ്മ മൂലമാണോ ഇപ്രകാരം നിർമ്മാണം നടത്തിയ ഭാഗം ഈ രീതിയിൽ പൊളിഞ്ഞു പോയിട്ടുള്ളതെന്നത് അന്വേഷണ വിധേയമാക്കേണ്ടതും, അങ്ങനെയാണെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽപുനർ നിർമ്മിക്കേണ്ടതമാണ്. ഏത് കാരണത്താലായാലും, പൊതുപണം ഇത്തരത്തിൽ ദുർവ്യയം ഉണ്ടാകാതെ , ഈ ആസ്തി ഉപയോഗപ്രദമായ രീതിയിൽ സംരക്ഷിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 31 /19- 20 ) ലഭ്യമാക്കിയ മറുപടിയിൽ സീലിംഗ് പ്രവർത്തിക്കുശേഷം നടന്ന ഫാൻ ഫിക്സ് ചെയ്യുന്ന പ്രവർത്തിയിൽ സീലിംഗിന്റെ അലുമിനിയം ഫ്രെയിമിലേക്ക് മേൽ സൂചിപ്പിച്ച ഫാനിന്റെ പൈപ്പ് വന്ന തട്ടിയതിനാലാണ് സീലിംഗ് ഇളകിയതെന്നും, ഗുണമേന്മയിലും,ക്വാണ്ടിറ്റിയിലും യാതൊരു കുറവും വന്നിട്ടില്ലായെന്നും, ഇത് വാല്യുവേഷൻ എടുത്ത് മറ്റൊരു പ്രവർത്തിയായി ചെയ്യുവാൻ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി ടി പ്രവർത്തി പൂർവ്വസ്ഥിതിയിലേക്ക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



പിവിസി സീലിംഗ് പൊളിഞ്ഞ നിലയിൽ

## 1-35 ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1.ജംഗമ വസ്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ

ഉപകരണങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ, അവയുടെ വില, വാങ്ങിയ തീയതി, ആരുടെ കൈവശം സൂക്ഷിച്ചിരിക്കുന്നു, തുടങ്ങിയ വിവരങ്ങ ൾ അപൂർണ്ണമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി വിവരങ്ങൾ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2.ഭൂമി, കെട്ടിടങ്ങൾ തുടങ്ങിയ സ്ഥാവര ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ വർഷങ്ങൾക്കു മുൻപുള്ള വിവരങ്ങൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് തന്നെ പലതും കാലികമാക്കിയിട്ടില്ല. പല വിവരങ്ങളും പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി വിവരങ്ങളും ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3. റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ നിർമ്മാണ വർഷം, നിർമ്മാണ ചെലവ് എന്നിവ എല്ലാ ആസ്തികളുടെയും നേരെ രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷവും, അതിന് മുൻപുള്ള വർഷങ്ങളിലും നിരവധി ടാർ ,കോൺക്രീറ്റ് റോഡുകളും, മറ്റ് നിരവധി ആസ്തികളും വിവിധ പദ്ധതികളിലുൾപ്പെടുത്തി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.പഞ്ചായത്തിലെ ഓരോ ഇനം ആസ്തികൾക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകളാണ് സൂക്ഷിച്ചിട്ടുള്ളത്.

പഞ്ചായത്തിലെ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കി സൂക്ഷിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 30/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല .പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ അന്യാധീനപ്പെട്ടുപോകാതെ ,ആസ്തികളുടെ വിവരങ്ങൾ കാലികമാക്കി , ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-36 ഗ്രന്ഥശാലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല

പഞ്ചായത്തിലെ പാറ്റൂർ വാർഡിലെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയുടെ പ്രവർത്തനം വളരെ പരിതാപകരമാണ്.നിലവിൽ 256 അംഗങ്ങൾ ഉള്ള ഗ്രന്ഥശാലയിൽ ആകെയുള്ള സജീവാംഗങ്ങളുടെ എണ്ണം 97 ആണ്.ഈ ലൈബ്രറിയിൽ ആകെ 1410/- പുസ്തകങ്ങൾ ആണുള്ളത്.2009-10 കാലയളവിൽ പുസ്തകങ്ങൾ വാങ്ങി നൽകിയതിന് ശേഷം പുതിയ പുസ്തകങ്ങൾ ഒന്നുംതന്നെ വാങ്ങി നൽകിയിട്ടില്ലായെന്നാണ് ലൈബ്രേറിയൻ അറിയിച്ചിട്ടുള്ളത്.അടിസ്ഥാന സൗകര്യ വികസനത്തിനും, പുസ്തകങ്ങൾ പുതിയതായി വാങ്ങുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചെങ്കിൽ മാത്രമെ വായനാശീലം അന്യം നിന്നു കൊണ്ടിരിക്കുന്ന ഈ കാലത്ത് വായനാശീലത്തെ കുറച്ചെങ്കിലും പ്രോൽസാഹിപ്പിക്കുന്നതിന് കഴിയൂ. ഗ്രന്ഥശാലയുടെ പരിതാപകരമായ പ്രവർത്തനത്തെ സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ (2018-19)സൂചിപ്പിച്ചിട്ടും നാളിതുവരെയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 വികലാംഗ പെൻഷൻ-അനുവദിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നു

ശാരീരിക അവശതഅനുഭവിക്കുന്ന വ്യക്തികൾക്ക് വികലാംഗ പെൻഷൻ അനുവദിച്ചുനൽകുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.വികലാംഗരായ വ്യക്തികൾ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയാൽ പ്രസ്തുത

അപേക്ഷയിന്മേൽ 40 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി സാമൂഹ്യ സുരക്ഷാപെൻഷനുകൾ അനുവദിക്കുന്നതിനുള്ള പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരാണെങ്കിൽ പെൻഷൻ അനുവദിക്കണെന്നാണ് സർക്കാർ നൽകിയിട്ടുള്ള ഉത്തരവ് (സ.ഉ.(എം.എസ്.)നം.52/2014/സാ.ക്ഷേ.വ തീയതി.20.06.2014). എന്നാൽ ഗ്രാമപഞ്ചായത്തിന് വികലാംഗ പെൻഷൻ നിർദ്ദിഷ്ട കാലയളവിനുള്ളിൽ തീർപ്പാക്കി അനുവദിച്ച് നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | അപേക്ഷകന്റെ പേരും അഡ്രസ്സും | അപേക്ഷ നൽകിയ തീയതി | അപേക്ഷ അംഗീകരിച്ച തീയതി | അംഗീകരിക്കാനെടുത്ത കാലയളവ് |
|---|---|---|---|---|---|
| 1 | 2552 | നീതുമോള് എൻ.ആർ കൊട്ടയ്ക്കാട്ടയ്യത്ത്, നടുവിലേമുറി | 29.04.19 | 16.08.19 | 110 ദിവസം |
| 2 | 3142 | യദുകൃഷ്ണൻ വഞ്ചിയിൽ കിഴക്കേതിൽ ഇടക്കുന്നം | 21.05.19 | 26.07.19 | 65 ദിവസം |
| 3 | 3617 | ഗീതാകുമാരി.പി.വി ശ്രീമന്ദിരം, പടനിലം | 15.06.19 | 24.10.19 | 128 ദിവസം |
| 4 | 3762 | ലക്ഷ്മി.ബി. ഈരിയ്ക്കൽ, ഇടപ്പോൺ | 22.06.19 | 24.10.19 | 124 ദിവസം |
| 5 | 334 | പ്രമോദ്.പി പദ്മവിലാസം, പാറ്റൂർ | 18.01.21 | 17.05.21 | 119 ദിവസം |

മേൽ സൂചിപ്പിച്ച അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് വളരെയധികം കാലതാമസം ഉണ്ടായിട്ടുണ്ട്.അപേക്ഷ ലഭിച്ചാലുടൻ അന്വേഷണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി നടപടികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കി പെൻഷൻ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സെക്ഷനും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-38 വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കേണ്ട ഫണ്ട് വെള്ളക്കര കുടിശ്ശികയിൽ മുങ്ങിത്താഴുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 13.03.20ലെ ബിൽ നമ്പർ 41701 പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ 1,64,77,484 രൂപ കുടിശ്ശിക നിൽനിൽക്കുന്നു. ഇക്കാരണത്താൽ പ്രതിമാസ ഫൈൻമാത്രം ശരാശരി 3,12,383 രൂപയോളം ഉണ്ടാകുന്നു. തന്മൂലം ലക്ഷക്കണക്കിന് രൂപയുടെ വർദ്ധനവാണ് വർഷം തോറും വാട്ടർ ചാർജ്ജ് ഇനത്തിൽ ഉണ്ടാകുന്നത്. വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 550 ടാപ്പുകളാണ് നിലവിലുള്ളത്. ടാപ്പുകൾക്കുള്ള പ്രതിമാസ വാട്ടർ ചാർജ് 2,40,625 രൂപയാണ്. വാട്ടർ അതോറിററി 2019 ജൂലൈ മാസം സ്ട്രീറ്റ് ടാപ്പുകളുടെ പരിശോധന നടത്തിയെങ്കിലും പരിശോധന പൂർത്തിയാക്കുകയോ റിപ്പോർട്ട് നൽകുകയോ ചെയതില്ലെന്ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 35/09.03.2022) മറുപടി നൽകുകയുണ്ടായി. സോഴ്സ് ഡിഡക്ഷനിലൂടെ ഗവൺമെന്റ് വർഷാ വർഷങ്ങളിൽ തുക ഈടാക്കുന്നുണ്ടെങ്കിലും പ്രസ്തുത തുകയുടെ കുറവ് വാട്ടർ അതോറിറ്റിയുടെ ബില്ലിൽ ഉണ്ടാവുന്നില്ല. 2019-20 വർഷവും സോഴ്സ് ഡിഡക്ഷനിലൂടെ 484992/- രൂപ കുറവ് ചെയ്തിട്ടുണ്ട്. മാത്രമല്ല സോഴ്സ് ഡിഡക്ഷൻ പ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നുമില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും കുടിശ്ശിക സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നെങ്കിലും കുടിശ്ശിക ഒഴിവാക്കാൻ ഫലപ്രദമായി നടപടികൾ സ്വീകരിക്കാൻ നാളിതുവരെ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും കുടിശ്ശിക നിവാരണത്തിന് ഉതകുന്ന തരത്തിലുള്ള അടിയന്തിര ഇടപെടൽ നടത്തേണ്ടതുമാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-39 അംഗൻവാടി അവലോകനം

ഗ്രാമപഞ്ചായത്തിലെ ആകെ 29 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. എല്ലാ അംഗനവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി കെട്ടിടമുള്ള 16 അംഗൻവാടികളാണ് ഉള്ളത്. ബാക്കിയുള്ള 13 അംഗനവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമുണ്ടായിട്ടും നാളിതുവരെ കെട്ടിടം പണി നടത്താൻ ഒരു അംഗൻവാടി അവശേഷിക്കുന്നതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 12 അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതാണ്.രണ്ട് അംഗൻവാടി കെട്ടിടങ്ങൾക്ക് വൈദ്യുതി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നത് ഗുരുതരമായ അനാസ്ഥയാണ്. നിലവിൽ ഒരു അംഗൻവാടിക്ക് പോലും ശിശുസൗഹൃദ ശൗചാലയം ഇല്ലെന്നത് ഗൗരവമുള്ള അപാകതയാണ്. ചുറ്റുമതിലുള്ള അംഗൻവാടികൾ 23 എണ്ണമാണ്. ചുറ്റുമതിൽ ഇല്ലാതെയുള്ള അംഗൻവാടികൾ പലതും പാതയോരത്താണ് പ്രവർത്തിക്കുന്നത് എന്നതിനാൽ കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്നു. മതിയായ സൗകര്യം ഉള്ള മറ്റേതെങ്കിലും കെട്ടിടങ്ങളിൽ പ്രവർത്തിപ്പിക്കാനുള്ള സാധ്യത കണ്ടെത്തുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നീക്കം ഉണ്ടാവേണ്ടതാണ്. 13 കുട്ടികളാണ് അംഗൻവാടികളിലെ ശരാശരി കണക്ക്. സ്വന്തം കെട്ടിടത്തിൽ

പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റിംഗ് - വോയിഡ്സ് കുറവു ചെയ്തില്ല - നഷ്ടം-5084/-

താഴെപ്പറയുന്ന പ്രവൃത്തികളിൽ 1:4;8 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ഇതിന് 40mm മെറ്റൽ ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. .CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്..എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്. | അനുവദിച്ച അളവ് | 7.5% കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ് | അധികം നൽകിയ തുക | FTO No./ തീയതി |
|---|---|---|---|---|---|---|
| 6- ാം വാർഡിൽ പാർവതി നിവാസ് മേലോട്ടിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്. 270913 | അനിൽകുമാർ. എം.കെ | 21 M3 | 20.67 M3 | 21 M3 – 1.575m3 = 19.425 M3 | 1.245m3 (20.67- 19.425) @ 1932/m3 = 2405/- | 5884/06-04-20, (Que Bill) |
| 6- ാം വാർഡിൽ കൈപ്പള്ളി മുക്ക് - പൂഞ്ച റോഡ് കോൺക്രീറ്റിംഗ്. 259023 | അനിൽകുമാർ. എം.കെ | 18.50m3 | 18.50m3 | 18.50- 1.387 =17.11 M3 | 1.387 M3 @1932/m3 =2679/- | 5873/ 06-04-20, (Que Bill) |
| | | | | ആകെ | 5084/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 17/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല .അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 3-2 കയർഭ്രവസ്ത്രം വിരിക്കൽ - കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചത്-14135/-രൂപ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 2019-20 വർഷം നിർവ്വഹിച്ച കയർഭ്രവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ

കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കിയത് മൂലം അധിക ചെലവുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

2019-20 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭ്രവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭ്രവസ്ത്രം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനെക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭ്രവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭ്രവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭ്രവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭ്രവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭ്രവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്.എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭ്രവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭ്രവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭ്രവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 66.67 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം. | പ്രോജക്ടിന്റെ വിശദ വിവരം/വർക്ക് കോഡ് / M-book No./ | ഭ്രവസ്തം വാങ്ങിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചിരിക്കുന്നത്. (ചതു.മീറ്റർ)<br>പ്രവൃത്തി/വർക്ക് കോഡ്.<br><br>കരാറുകാരൻ<br><br>കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്.<br><br>അനുവദിച്ച അളവ്<br><br>7.5% കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ്<br><br>അധികം നൽകിയ തുക<br><br>FTO No./ തീയതി<br><br>6- ാം വാർഡിൽ പാർവതി നിവാസ് മേലോട്ടിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്.<br><br>270913<br><br>അനിൽകുമാർ.എം.കെ<br><br>21 M3<br><br>20.67 M3<br><br>21 M3 – 1.575m3 = 19.425 M3<br><br>1.245m3 (20.67-19.425) @ 1932/m3 = 2405/-<br><br>5884/06-04-20, (Que Bill)<br><br>6- ാം വാർഡിൽ കൈപ്പള്ളി മുക്ക് - പുഞ്ച റോഡ് കോൺക്രീറ്റിംഗ്. | 1m2 വിരിക്കുന്നതിന് 1.05m2 എന്ന നിരക്കിൽ ഭ്രവസ്തം വിരിക്കാവുന്ന പരമാവധി വിസ്തൃതി.(m2 )(ഭ്രവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 259023<br>അനിൽകുമാർ.എം.കെ<br>18.50m3<br>18.50m3<br>18.50– 1.387 =17.11 M3<br>1.387 M3 @1932/m3 =2679/-<br>5873/ 06-04-20, (Que Bill)<br>ആകെ<br>5084/- | | | | | |
| 1. | 12-ാംവാർഡിൽ ചിറയിൽകുളം പെരുവേലിച്ചാൽ തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ. WC-352657, 18/19-20 | 750 | 714 | 50002 | 47602 | 2400 | FTO- No. 173253dt.13/08/19 |
| 2. | 13-ാംവാർഡിൽ കൊക്കോട്ടു താഴെ മുതൽ പെരുമ്പ്രാൽ കലുങ്ക് വരെ തോട് പുനരുദ്ധാരണം. WC-328455, 22/19-20 | 800 | 761 | 53336 | 50735 | 2601 | FTO- No. 6121 Dt.07/04/20, (Q Bill) |
| 3. | 6-ാംവാർഡിൽ ഏല – ഏലിയാസ് നഗർ തോട് റീച്ച്-3 പുനരുദ്ധാരണം. WC-352650, 14/19-20 | 750 | 714 | 50002 | 47602 | 2400 | FTO- No. 6121 Dt.07/04/20, (Q Bill) |
| 4. | 11-ാംവാർഡിൽ സുരേന്ദ്രവിലാസം കൈതവളപ്പ് | 750 | 714 | 50002 | 47602 | 2400 | FTO- No. 6121 Dt.07/04/20, (Q Bill) |

| | | | | | | | |
|---|---|---|---|---|---|---|---|
| | വരെ തോട് പുനരുദ്ധാരണം. WC-352655, 15/19-20 | | | | | | |
| 5. | 11-ാംവാർഡിൽ മുല്ലശ്ശേരി സുരേന്ദ്രവിലാസം തോട് പുനരുദ്ധാരണം. WC-352654, 17/19-20 | 750 | 714 | 50002 | 47602 | 2400 | FTO- No. 6121 Dt.07/04/20, (Q Bill) |
| 6. | 11-ാംവാർഡിൽ കോഴിക്കാല വയൽ മുതൽ സുരേന്ദ്രവിലാസം തോട് വരെ പുനരുദ്ധാരണം. WC-328457, 11/19-20 | 600 | 571 | 40002 | 38068 | 1934 | FTO- No. 6121 Dt.07/04/20, (Q Bill) |
| | ആകെ | | | | | 14135/- | |

ഈ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1.കയർ കോർപ്പറേഷനിൽ നിന്നുള്ള ബില്ല് പ്രകാരം മേൽ സൂചിപ്പിച്ച ക്രമ നം.4 ഒഴികെയുള്ള എല്ലാ പ്രവർത്തികളിലും 500 M2 കയർഭൂവസ്ത്രം ആണ് വാങ്ങിയിട്ടുള്ളത്. ക്രമ നം. 4 ൽ 200m2 ആണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. വാങ്ങിയതും, വിരിച്ചതും തമ്മിൽ യാതൊരു തരത്തിലും പൊരുത്തപ്പെടുന്നില്ല.

2. മേൽ സൂചിപ്പിച്ച എല്ലാ പ്രവർത്തികളിലും ഒന്നിന് 650/- രൂപ പ്രകാരം 12 മുളയ്ക്ക് 7800/- രൂപ നിരക്കിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആരിൽനിന്നും മുള വാങ്ങിയെന്നോ ആർക്ക് തുക നൽകിയെന്നതിന് രേഖകളില്ല.

3. അളവുപുസ്തകത്തിൽ ആകെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളതും ," Passed For Payment " രേഖപ്പെടുത്തിയിട്ടുള്ളതും തമ്മിൽ തുകയിൽ ഭീമമായ വ്യത്യാസം ഉണ്ട്.

4.അളവുപുസ്തകത്തിൽ ആകെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഡിസ്പ്ലെ ബോർഡ് സ്ഥാപിച്ചതിന് 5000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Passed For Payment " രേഖപ്പെടുത്തിയിട്ടുള്ളതിൽ ഡിസ്പ്ലെ ബോർഡിന്റെ വില 2900/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 23/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല .അധികം നൽകിയ തുക ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്- നഷ്ടം-6794/-രൂപ

നൂറനാട് ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്കഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 238/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238 രൂപയൊടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക. | 238രൂപ നിരക്കിൽ ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | അഞ്ചുമൂല പെരുമ്പ്രാൽ തറ റോഡിൽ തോപ്പിൽ ജം. മുതൽ റോഡ് റീ-സർഫസിംഗ് -07/N/18-19 | A.S.ആനന്ദൻ. | 16 ബാരൽ | 4496/- | 3808/- | 688/- | 01/19-20, Dt.07.05.19 707974/- |
| 2 | മഠത്തിൽ - എല്ലുകണ്ടം റോഡ് റീ-ടാറിംഗ്-13/N/19-20 | A.S.ആനന്ദൻ. | 14 ബാരൽ | 3934/- | 3332 | 602/- | 21/19-20, Dt. 28.1.20 470667/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | 9,10 വാർഡുകളിലെ കിണറുവിള-പാറ കനാൽ റോഡ് റീ-സർഫസിംഗ് 88/N/18-19. | എൻ.യശോധരൻ. | 50 ബാരൽ | 14050/- | 11900/- | 2150/- | 07/19-20,dt. 20.08.19 600000/- |
| 4. | ഇടനാട് മൂന്നമല റോഡിൽ മൂന്നമല ജം.മുതൽ റോഡ് റീ-സർഫസിംഗ് 88/N/18-19. | എൻ.യശോധരൻ. | 26 ബാരൽ | 7306/- | 6188/- | 1118/- | 6/19-20, Dt. 16.08.19 499253/- |
| 5. | ആൽത്തറമൂട്-പാറ്റൂർ വീട് റോഡ് റീ-ടാറിംഗ്-സൈഡ് കോൺക്രീറ്റിംഗ് 04/N/19-20. | പ്രകാശ്.ബി | 14 ബാരൽ | 3934/- | 3332/- | 602/- | 04/19-20,dt. 09.08.19 498889/- |
| 6. | പാറപ്പുറത്ത് ജം.-വെട്ടടിക്ക ജം.റോഡ് റീ-സർഫസിംഗ് 90/N/18-19. | ചന്ദ്രശേഖരനുണ്ണിത്താൻ | 19 ബാരൽ | 5339/- | 4522/- | 817/- | 03/19-20,dt. 09.08.19, Rs357424/- |
| 7. | പാൽ സൊസൈറ്റി-മേലെ കോളനി റോഡ് റീ-സർഫസിംഗ് 88/N/18-19., 25/N/19-20 | കെ.രാജൻ. | 19 ബാരൽ | 5339/- | 4522/- | 817/- | 19/19-20,dt. 15.01.20,Rs 484455/- |
| | | | | ആകെ | 6794/- | | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 8/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല .അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-4 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം- 16346/-രൂപ-

പഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3(സ്പെസിഫിക്ഷേൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് ) ആണ്. ഇത് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3 (MoRDസ്പെസിഫിക്ഷേൻ കോഡ് -3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്ഷേൻ കോഡ്- 2.8.1)) ആണ്.ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം) |
|---|---|---|---|---|---|---|
| 1. | ഗുരുമന്ദിരം - പുത്തൻകറ്റിയിൽ റോഡ് - സംരക്ഷണ ഭിത്തി. 44/N/19-20 | പ്രകാശ്.ബി. | 12.549 M3 @553.17 = 6941/- | 12.549 M3 @259.29 = 3254/- | 3687/- | 26/ 19-20,16-03-20, 119522/-രൂപ |
| 2. | ആശാന്റെ കിഴക്കേതിൽ പഞ്ചായത്ത് കുളം സംരക്ഷണഭിത്തി | A.S.ആനന്ദൻ | 15 M3 @553.17 = 8297/- | 15 M3 @259.29 = 3889/- | 4408/- | 16/ 19-20,18-12-19, 150237/-രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം. 19/N/19-20 | | | | | |
| 3. | നാരായണ വിലാസംപുത്തൻ വീട്ടിൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം. 18/N/19-20 | A.S.ആനന്ദൻ | 13.62 M3 @553.17 =7534/- | 13.62 M3 @259.29 =3532/- | 4002/- | 15/ 19-20,20-01-20, 116251/-രൂപ |
| 4. | ഭൂരഹിതകോളനി-മനിനേത്ത് ക്ഷേത്രം റോഡ് സംരക്ഷണഭിത്തി നിർമ്മാണം. 39/N/19-20 | കെ.വി.സുദിൻ. | 30.199 M3 @400/m3 =12079/-(കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക്) | 30.199 M3 @259.29 = 7830/- | 4249/- | 23/ 19-20,16-03-20, 440768/-രൂപ |
| | ആകെ | | | | 16346/- | |
| | | | | | | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 7/ 2019-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല .അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 പ്രവർത്തി പൂർത്തീകരണ കാലാവധി വൈകിയതിന് പിഴ ഈടാക്കിയില്ല/ ഈടാക്കിയതിൽ കുറവ്- അധിക ചെലവ്- 16526/-രൂപ-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ആദ്യ തവണ മാത്രം ഫൈൻ ഈടാക്കിയ ശേഷമോ, നിയമാനുസൃതം ഈടാക്കേണ്ടതിനെക്കാൾ കുറവ് ഈടാക്കിയതിന് ശേഷമോ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

1) മാത്തിൽ എല്ല കണ്ടം എല്ലുകണ്ടം റോഡ് റീ-ടാറിംഗും സംരക്ഷണഭിത്തി നിർമ്മാണവും -

പ്രൊജക്റ്റ് നം - എസ്സ് ഒ149/19

കരാറുകാരൻ - A.S.ആനന്ദൻ.

എഗ്രിമെന്റ് നം. 26/AE/LSGD/NGP/18-19/06-03-19

ബിൽ നം, തീയതി, തുക - 1) 21/19-20, 28-01-20, 470667/-

PAC- 499393/-

M Book – 13/N/19-20

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 06-07-19

പൂർത്തീകരിച്ച തീയതി- 20-01-20 (പേജ് -22)

ഈടാക്കിയ ഫൈൻ- 9460/-(2%)

ഈടാക്കേണ്ട ഫൈൻ -

ആദ്യ തവണ- PAC യുടെ 1% - 499393 X 1% = 4993/-(06/10/2019 വരെ)

രണ്ടാം തവണ - PAC യുടെ 2% - 499393 X 2% = 9987/- (06/01/2020 വരെ)

മൂന്നാംതവണPACയുടെ2%-499393x2%=9987x14/90=1553(20/01/20 വരെ)

ആകെ ഈടാക്കേണ്ടത് - 4993+ 9987+ 1553 = 16533/-

ഈടാക്കിയത് - 9460/-

കുറവ് - 7073/- ( 16533 - 9460 )

2) ഇടനാട് മൂന്നമൂല റോഡിൽ മൂന്നമൂല ജം.മുതൽ റോഡ് റീ- സർഫസിംഗ് -

പ്രൊജക്റ്റ് നം - എസ്സ് ഒ048/19

കരാറുകാരൻ - എൻ.യശോധരൻ.

എഗ്രിമെന്റ് നം. 12/AE/LSGD/NGP/18-19/24-12-19

ബിൽ നം, തീയതി, തുക - 1) 06/19-20, 16-08-19, 499253/-

PAC- 499253/-

M Book – 89/N/18-19

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 24-04-19

പൂർത്തീകരിച്ച തീയതി- 14-05-19 (പേജ് -19)

ഈടാക്കിയ ഫൈൻ- 0

ഈടാക്കേണ്ട ഫൈൻ -

ആദ്യ തവണ- PAC യുടെ 1% - 499253 X 1% = 4992/-(14/05/2019 വരെ)

3) ചിറയിൽകുളം ഏലാ കലുങ്ക് നിർമ്മാണം -

പ്രൊജക്റ്റ് നം - എസ്സ് ഒ059/19

കരാറുകാരൻ - ചന്ദ്രശേഖരൻ ഉണ്ണിത്താൻ.

എഗ്രിമെന്റ് നം. 4/AE/LSGD/NGP/18-19/23-10-18.

ബിൽ നം, തീയതി, തുക - 1) 06/19-20, 16-08-19, 499253/-

PAC- 446185/-

M Book – 27/N/19-20

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 23-08-19

പൂർത്തീകരിച്ച തീയതി- 31-10-19 (പേജ് -19)

ഈടാക്കിയ ഫൈൻ- 0

ഈടാക്കേണ്ട ഫൈൻ -

ആദ്യ തവണ- PAC യുടെ 1% - 446185 X 1% = 4461/-(31/10/2019 വരെ)

കമ്മിറ്റിയുടെ 9-7-19 ലെ 1(6) -ാം നമ്പർ തീരുമാനപ്രകാരം ഈ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ 23-10-18 ൽ കരാർ വെച്ച ഈ പ്രവർത്തി 19-7-19 വരെയും ആരംഭിച്ചിരുന്നില്ല.കരാറുകാരൻ പൂർത്തീകരണ കാലാവധി നീട്ടുന്നതിന് അപേക്ഷ നൽകിയിട്ടില്ല, നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ല.

ഒട്ടാകെ ഈടാക്കേണ്ടത് - 7073+4992+4461 = 16526/-

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ അധികം ചെലവഴിച്ച 16526/- രൂപ കരാറുകാരനിൽനിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-6 കുറ്റികുരുമുളക് - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി

2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് - 163200/-രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് കുറ്റികുരുമുളക് കൃഷി വികസനം(പ്രോജക്ട് നം - S0019/20).

ചെലവ് വിവരം താഴെ ചേർക്കുന്നു.

1)ബിൽ നം.3/19-20/29.10.19തുക.163000/-

KAICO, തിരുവനന്തപുരത്തിന്റെ 29.10.19 ലെ Q-508/19-20 നം.ഇൻവോയ്സിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Bushpepper | 2040 | 80 | 163200 |

ഗുണഭോക്തൃലിസ്റ്റിൽ 544 പേരുണ്ട്. വിതരണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.26 / 8.3.22), നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം,790 പേർക്കായി 2 ഉം 3ഉം എണ്ണം വീതം ആകെ 2040കുരുമുളക് തൈകൾ വിതരണം ചെയ്തു. 544 പേർ മാത്രമുള്ള ഗുണഭോക്തൃലിസ്റ്റിൽ നിന്നും 790 ഗുണഭോക്താക്കൾക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തു. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 246 പേർക്ക് 3 വീതം ആകെ 738 കുരുമുളക് തൈ വിതരണം ചെയ്തത് മൂലം ഉണ്ടായ അധിക ചെലവ് (738X80) 59040/-രൂപ നിരാകരിക്കുന്നു.

## 3-7 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയതിന് രേഖകളില്ല- ഈടാക്കേണ്ടത്-14266/-

താഴെചേർക്കുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./തീയതി |
|---|---|---|---|---|---|
| 1. | 17- ാം വാർഡിൽ ഇടപ്പോൺ പടിഞ്ഞാറ് റോഡ് കോൺക്രീറ്റിംഗ്- ചിത്തിര കോളനി റോഡ് 269519 | A.S.ആനന്ദൻ. | 109388/- | 1093/- | 509850/21-01-20, |
| 2. | 17- ാം വാർഡിൽ ഇടപ്പോൺ പടിഞ്ഞാറ്പ്ലാക്കോട്ട് | A.S.ആനന്ദൻ. | 139342/- | 1393/- | 510720/21-01-20, |

| | | | | | |
|---|---|---|---|---|---|
| | ക്ഷേത്രത്തിന്റെ പുറകുവശം കോൺക്രീറ്റിംഗ്. 269518 | | | | |
| 3. | 2- ാം വാർഡിൽ പാറപ്പുറത്ത് റോഡ് കോൺക്രീറ്റിംഗ്. 270894 | A.S.ആനന്ദൻ. | 119379/- | 1193/- | 561416/10-02-20, |
| 4. | 2- ാം വാർഡിൽ മുന്തിരിക്കാല റോഡ് കോൺക്രീറ്റിംഗ്. 270895 | A.S.ആനന്ദൻ. | 159066/- | 1590/- | 561288/10-02-20, |
| 5. | 2- ാം വാർഡിൽ ശ്മശാനം മുതൽ ഭൂരഹിത കോളനി വരെ റോഡ് കോൺക്രീറ്റിംഗ്. 276170 | A.S.ആനന്ദൻ. | 270276/- | 2702/- | 5889/06-04-20 |
| 6. | 3- ാം വാർഡിൽഅന്നക്കുട്ടി കുറുകയിൽ പടി വരെ കോൺക്രീറ്റിംഗ്. 269796 | എം.കെ. അനിൽകുമാർ | 141065/- | 1410/- | 608006/28-02-20, |
| 7. | 6- ാം വാർഡിൽ പാർവ്വതി നിവാസ് - മേലോട്ടിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്. 270913 | എം.കെ. അനിൽകുമാർ | 186024/- | 1860/- | 5884/06-04-20 (Que Bill) |
| 8. | 7- ാം വാർഡിൽ കിണർ റീ-ചാർജ്ജ് നിർമ്മാണം. 338752 | ഡിവിഷണൽ എൻജിനീയർ, കെയ്കോ,തിരുവല്ല. | 151274/- | 3025/-(2%) | 5900/06-04-20 (Que Bill) |
| | | | ആകെ | 14266/- | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, അല്ലാത്തപക്ഷം മറുപടിയും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/19-20, 16/19-20)മറുപടി ലഭ്യമാക്കിയില്ല .ഈ സാഹചര്യത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-8 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.

2019-20 സാമ്പത്തിക വർഷം നൂറനാട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) വീതി | നീളം | നിരക്ക് | ആകെ SGST& CGST @2.5 | വൌച്ചർ നമ്പർ | ചെക്ക് നമ്പർ, തീയതി | അനുവദനീയമായ നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| 04.12.18 | കേരള കൌമുദി | 2019-20 ലെ അസിസ്റ്റന്റ് എൻജീനിയറുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 32sq Cm | | 182 | 6072 (Sgst-124 Cgst-124) | 51/05 | 26293 16.05.19 | 4368 | 1704 |
| 12.12.18 | കേരള | പുനർദാർഘാസ്, | 40sqcm | | 182 | 7589 | 52/05 | 26293 | 4368 | 3221 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | കൌമുദി | നാമഫലകം, ക്വട്ടേഷൻ, റോഡിന് കോൺക്രീറ്റ് സൈഡ് കെട്ടൽ എന്നിവയ്ക്കായി നടത്തിയ പത്രപ്പരസ്യം | | | (Sgst-154 Cgst-154) | | 16.05.19 | | |
| 21.02.19 | കേരള കൌമുദി | വിവിധ മരാമത്ത് പ്രവ്യത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 40sqcm | 183 | 7631 (Sgst-155 Cgst-155) | 53/05 | 26293 16.05.19 | 4368 | 3263 |
| | | ആകെ | | | 21292 | | | | 8188 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 8188 സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ വിശദീകരണം ആവശ്യപ്പെട്ട്നൽകിയ എൻക്വയറിക്ക് ( 12/5-3-22) ലഭ്യമാക്കിയ മറുപടിയിൽ തുടർന്ന് ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2345575 | നെൽകൃഷി വികസനം ( ജനറൽ) | 2345575 | 0 |
| | | 300000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 199950 | 100050 |
| | | 800000 | വയോജന സൗഹൃദ കേന്ദ്രം | 338155 | 461845 |
| | | 300000 | പാലിന് സബ്സ്ഡി(വനിത) | 300000 | 0 |
| | | 300000 | പാലിന് സബ്സ്ഡി(ജനറല്) | 300000 | 0 |
| | | 500000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 0 | 500000 |
| | | 20000 | കേരളോത്സവം 2019 | 0 | 20000 |
| | | 571160 | ലൈഫ് ഭവന നിർമ്മാണം ജനറൽ (മൂന്നാം ഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്ക് മാറ്റിയവർക്കുള്ള പദ്ധതി) | 100000 | 471160 |
| | | 765697 | ലൈഫ് ഭവന നിർമ്മാണം SC (മൂന്നാം ഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്ക്മാറ്റിയവർക്കുള്ള പദ്ധതി) | 0 | 765697 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 850000 | നെൽകൃഷി വികസനം ( ജനറൽ) | 0 | 850000 |
| | | 200000 | അംഗനവാടി അനുപൂരകപോഷകാഹാരം | 100000 | 100000 |
| | | 300000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 199950 | 100050 |
| | | 200000 | പാലിന് സബ്സ്ഡി(ജനറല്) | 200000 | 0 |
| | | 500000 | പഞ്ചായത്തിലെ | 0 | 500000 |

| | | | | |
|---|---|---|---|---|
| | | വിവിധപ്രദേശങ്ങളിൽ സ്ട്രീറ്റ്മെയിൻ നീട്ടൽ | | |
| | 580000 | അംഗൻവാടികൾ ക്ക് പുതിയ കെട്ടിടം | 580000 | 0 |
| | 1500000 | വാർഡ് VIII - കളങ്ങര വീട്ടിൽ കളം പുനരുദ്ധാരണം | 0 | 1500000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമല്ല | | | 500000 |
| KSEB | പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ സ്ട്രീറ്റ്മെയിൻ നീട്ടൽ | ലഭ്യമല്ല | | | 1200000 |
| KSEB | വിവിധ പ്രദേശങ്ങളില് സ്ട്രീറ്റ്മെയിന് നീട്ടൽ | ലഭ്യമല്ല | | 63720 | 207307 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | GO(MS)No.2278 /LSGD/dt.18-08-18 | 19387116 | 13587116 | 1015394 | | 18371722 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിത്താത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 17(1), (2) | 2003-2004 | 3 | അനാവശ്യമായി നൽകിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനം സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസി. ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ് ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 2-7 | | | 15 | 118020101289/ 28.05.2018 | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലേകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 66360780 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 66214376 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 142766 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1770385 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-17 | | 8188 | എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. |
| 1-25 | ഇല്ല | 59040 | സിജി സൂസൻ ജോർജ്ജ്, കൃഷി ഓഫീസർ. |
| 1-27 | ഇല്ല | 16653 | ശ്രീജിത്ത്.എ.എച്ച്.,അസ്സി.എൻജിനീയർ |
| 1-28 | ഇല്ല | 16526 | ശ്രീജിത്ത്.എ.എച്ച്.,അസ്സി.എൻജിനീയർ. |
| 1-29 | ഇല്ല | 16346 | ശ്രീജിത്ത്.എ.എച്ച്.,അസ്സി.എൻജിനീയർ. |
| 1-30 | ഇല്ല | 6794 | ശ്രീജിത്ത്.എ.എച്ച്.,അസ്സി.എൻജിനീയർ. |
| 1-31 | ഇല്ല | 5084 | 1695-എ.ഷിഹാബുദ്ദീൻ , സെക്രട്ടറി.<br>1695-ടി.ജെ.ജോൺസൺ, അസ്സി.സെക്രട്ടറി.<br>1695-ആര്യ അജയൻ,അക്രഡിറ്റഡ് എൻജിനീയർ. |

| | | | |
|---|---|---|---|
| 1-32 | ഇല്ല | 14135 | 4712,-എ.ഷിഹാബുദ്ദീൻ , സെക്രട്ടറി.<br>4712-ടി.ജെ.ജോൺസൺ, അസ്സി.സെക്രട്ടറി.<br>4711-ആര്യ അജയൻ,അക്രഡിറ്റഡ് എൻജിനീയർ. |
| ആകെ | - | 142766 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 50000 | എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. |
| 1-20 | 181545 | എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. |
| 1-21 | 32480 | എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. |
| 1-22 | 81900 | സിജി സൂസൻ ജോർജ്ജ്, കൃഷി ഓഫീസർ. |
| 1-23 | 63720 | എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. |
| 1-24 | 1273320 | സിജി സൂസൻ ജോർജ്ജ്, കൃഷി ഓഫീസർ. |
| 1-26 | 87420 | എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. |
| ആകെ | 1770385 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-13 - 1800/-ശ്രീ.എ.ഷിഹാബുദ്ദീൻ , സെക്രട്ടറി.

1-33- Rs14266/-( 4755/- എ.ഷിഹാബുദ്ദീൻ , സെക്രട്ടറി., 4755/-ടി.ജെ.ജോൺസൺ, അസ്സി.സെക്രട്ടറി., 4756/-ആര്യ അജയൻ,അക്രഡിറ്റഡ് എൻജിനീയർ.)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും-

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.ഷിഹാബുദ്ദീൻ , സെക്രട്ടറി. | സെക്രട്ടറി,തലവൂർ ഗ്രാമ പഞ്ചായത്ത്. | ഷിഹാബ് മൻസിൽ, ചന്ദനത്തോപ്പ്.പി.ഒ, കൊല്ലം. |
| സിജി സൂസൻ ജോർജ്ജ്, കൃഷി ഓഫീസർ. | എ.ഡി.എ.റാന്നി | താന്നിക്കൽ, പൂഴിക്കാട്.പി.ഒ -689515 |
| ശ്രീജിത്ത്.എ.എച്ച്.,അസ്സി.എൻജിനീയർ | കോയിപ്പുറം ഗ്രാമപഞ്ചായത്ത്, പുല്ലാട്.പി.ഒ. | അമ്പോലിൽ ഹൌസ്,കൊഴുവല്ലൂർ.പി.ഒ,ചെങ്ങന്നൂർ, ആലപ്പുഴ. |
| ടി.ജെ.ജോൺസൺ, അസ്സി.സെക്രട്ടറി. | അസ്സി.സെക്രട്ടറി, ചെറിയനാട് ഗ്രാമപഞ്ചായത്ത്. | തുണ്ടത്തിൽ കിഴക്കേകര, കൊഴുവല്ലൂർ.പി.ഒ, ചെങ്ങന്നൂർ. |
| ആര്യ അജയൻ,അക്രഡിറ്റഡ് എൻജിനീയർ. | ജോലിയിൽ നിന്ന് വിടുതൽ ചെയ്തു | മലയിൽകിഴക്കതിൽ, പുലിമേൽ,പാറ്റൂർ.പി.ഒ,നൂറനാട്, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ജി.എ5/1832/11/തീയതി: |
| 2002-03 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.2015 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03.2016 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി-/55/2017/25.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി-6/1384 /2017/13.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി./പി-6/1676 /2018/ 05.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി-6/1169 തീ.20.05.20 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്